സത്യം മിനിസ്ട്രീസ്

# ജീവവചനം

അക്ഷരത്തിലൂടെ ആത്മാക്കൾ ◆ ദ്വൈവാരിക ◆

23 Years in Literature Ministry

❖ 29 ഡിസംബർ 2011 ❖ പുസ്തകം 19 ❖ ലക്കം 24 ❖ ₹ 2.00

# കുമ്പനാട് കൺവൻഷൻ ആരംഭിച്ചു




*കുമ്പനാട് കൺവൻഷൻ സുവി. എം.എം. സഖറിയാ ഉദ്ഘാടനം ചെയ്യുന്നു*

**കുമ്പനാട്:** 109-ാമത് ബ്രദറൺ ജനറൽ കൺവൻഷൻ ഡിസംബർ 25 ഞായറാഴ്ച വൈകിട്ട് കുമ്പനാട് നോയൽ മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിനു സമീപം കൺവൻഷൻ ഗ്രൗണ്ടിൽ തയ്യാറാക്കിയ പന്തലിൽ ആരംഭിച്ചു.

സുവിശേഷകൻ എം.എം. സഖറിയ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. ഡോ. ഒ.എം. സാമുവേൽ (മാവേലിക്കര), ചാണ്ടപ്പിള്ള ഫിലിപ്പ് (കോട്ടയം), വർഗീസ് കെ. കുര്യൻ (പാമ്പാടി), ജോസ് മാത്യൂസ് (മംഗലാപുരം), ജോൺ പി. തോമസ് (എറണാകുളം), സാമുവേൽ ബി. തോമസ് (യു.പി.), ടി.ജി. ബെന്നി (ബാംഗ്ലൂർ) എന്നിവർ വിവിധ യോഗങ്ങളിൽ ദൈവവചനം ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്നു.

'ദിവ്യരഹസ്യങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കി തിങ്കൾ മുതൽ ശനിവരെ എല്ലാ ദിവസവും രാവിലെ 8.30 മുതൽ 9.30 വരെ ഡോ. ഒ.എം. സാമുവേൽ ബൈബിൾ ക്ലാസ് നയിക്കുന്നു.

*(തുടർച്ച 10-ാം പേജിൽ)*

# തിരുവല്ലായിൽ കുട്ടികളുടെ സംഗമം

**തിരുവല്ല:** ബ്രദറൺ സഭകളുടെ സംയുക്ത ആഭിമുഖ്യത്തിൽ 2012 ഫെബ്രുവരി 24, 25, 26 തീയതികളിൽ തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ വച്ച് 3-ാമത് ഗോസ്പൽ മ്യൂസിക് ഫെസ്റ്റ് നടക്കും. ശനിയാഴ്ച രാവിലെ 9.00 മണി മുതൽ 1.00 മണി വരെ ചിൽഡ്രൻസ് ഫെസ്റ്റ് എന്ന പേരിൽ കുട്ടികളുടെ സംഗമം നടക്കുന്നതാണ്. മുൻവർഷങ്ങളിലേതുപോലെ തിരുവല്ലയിലും പരിസരങ്ങളിലുമുള്ള സ്കൂളുകളിൽനിന്ന് ആയിരക്കണക്കിന് കുട്ടികൾ ഈ പ്രാവശ്യവും കടന്നുവരുമെന്ന് പ്രതീക്ഷിക്കുന്നു. ചിൽഡ്രൻസ് ഫെസ്റ്റിൽ സംഗീത അഭ്യസനം, ചിത്രകഥകൾ, പപ്പറ്റ്ഷോ കൂടാതെ രസകരമായ പരിപാടികളും ഒരുക്കിയിരിക്കുന്നു. 5 വയസ്സു മുതൽ 17 വയസ്സുവരെയുള്ള കുട്ടികൾ പങ്കെടുക്കും. ജോയി ജോൺ, ബാംഗ്ലൂർ; ഏബ്രഹാം തോമസ്, കൊച്ചി; ഏബ്രഹാം തോമസ്, പുല്ലാട്; ബിനു ശാമുവേൽ, പത്തനംതിട്ട; ഫിലിപ്പ് കെ. ആൻഡ്രൂസ്, കോട്ടയം എന്നിവർ പ്രോഗ്രാമുകൾക്കു നേതൃത്വം നല്കും. കുട്ടികൾ സൽഗുണ സമ്പന്നരും മാതാപിതാക്കളെ അനുസരിക്കുന്നവരും ദൈവഭയമുള്ളവരുമായി തീരുവാൻ പ്രത്യേകം തയ്യാറാക്കിയ പരിപാടികൾ ചിൽഡ്രൻസ് ഫെസ്റ്റിന്റെ പ്രത്യേകതയാണ്. ഈ സംഗമത്തെ ഓർത്ത് ദൈവജനം പ്രത്യേകം പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമെന്ന് സംഘാടകർ എം.വി. ശാമുവേൽ, അലക്സ് മേല്പാടം എന്നിവർ അറിയിച്ചു.

## സത്യം പബ്ലിക്കേഷൻസ്

### സുവി. കെ.ജി. കുര്യൻ–ജീവചരിത്രം

### പുസ്തക പ്രകാശന സമ്മേളനം

പ്രകാശനം: സുവി. എം.എം. സഖറിയാ, അദ്ധ്യക്ഷൻ: ഡോ. ഓ.എം. ശാമുവേൽ

സ്ഥലം : കോട്ടയം ദർശന കൾച്ചറൽ സെന്റർ

തീയതി : 2012 ജനുവരി 8 ഞായർ 4 P.M.

***ക്ഷണക്കത്ത്***




*പ്രിയ സഹോദരീ സഹോദരന്മാർക്ക് ക്രിസ്തുവിൽ വന്ദനം!*

*ക്രൈസ്തവ സഭാ ചരിത്രത്തിലെ പ്രശസ്ത വിശ്വാസ വീരനായ സുവി. കെ.ജി. കുര്യന്റെ ജീവചരിത്രം പ്രകാശനം ചെയ്യുന്നതിലേക്ക് വ്യക്തിപരമായി താങ്കളെ ക്ഷണിക്കുന്നതിൽ ഞങ്ങൾക്ക് ചാരിതാർത്ഥ്യമുണ്ട്. ബ്രദറൺ അസംബ്ലിയോടുള്ള കൂട്ടായ്മയിൽ 50 വർഷങ്ങൾ സുവി. കെ.ജി. കുര്യൻ കർതൃശുശ്രൂഷ ചെയ്തുകൊണ്ട് തന്റെ ജീവിതത്തെ പ്രതിഫലിപ്പിച്ചു. തന്നെയും, കെ.ജി. കുര്യനെപ്പോലെ ദൈവവചനാടിസ്ഥാനത്തിൽ നിലനിന്ന ദൈവദാസന്മാർക്കും വേണ്ടി കർത്താവിന് നന്ദിയർപ്പിക്കുന്നതിന് നമുക്കു ലഭിച്ചിരിക്കുന്ന അവസരമാണിത്. ഈ ജീവചരിത്രം നമ്മുടെ ജീവിതത്തെയും സുവിശേഷ പ്രവർത്തനങ്ങളെയും പുനർവിചിന്തനം ചെയ്യുന്നതിനുള്ള നാഴിക കല്ലാണ്.*

*പുസ്തക പ്രകാശന സമ്മേളനത്തിനായി പ്രാർത്ഥിക്കുകയും വന്ന് സംബന്ധിക്കുകയും ചെയ്യണമെന്നപേക്ഷിക്കുന്നു.*

**സുവി. ഡോ. അലക്സാണ്ടർ കുര്യൻ,**
**സുവി. ജോൺ കുര്യൻ.**

**സത്യം പബ്ലിക്കേഷൻസിനു വേണ്ടി**

**ഡോ. സി. വി. വടവന**
**സുവി. പി. എം. ഏബ്രഹാം**
**സുവി. ഇ.എസ്. റെജി (പ്രോഗ്രാം കോ-ഓർഡിനേറ്റർ)**
**Mob: 9495127455**

**സത്യം പബ്ലിക്കേഷൻസ്**
തോട്ടഭാഗം പി.ഒ., തിരുവല്ല – 689541, Mob: 9447126182
Tele/Fax: 0469 – 2619657, 2619209, 2619005
Toll free # 1-800-425-1211, E-mail:office@truthintl.org,
Website:www.sathyam.org

# സത്യം മിനിസ്ട്രീസ് സൗജന്യ വീൽചെയർ വിതരണം ചെയ്തു



*വീൽചെയർ വിതരണത്തിലെ ഒരു രംഗം*

**തിരുവല്ല:** അംഗവൈകല്യം ഉള്ളവരും ശാരീരിക ക്ഷീണത്താൽ നടക്കുവാൻ പ്രയാസമനുഭവിക്കുന്നവരുമായ വ്യക്തികൾക്ക് വീൽചെയർ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി, ഇന്ത്യ ഒട്ടാകെ എഴുപത്തയ്യായിരം സൗജന്യ വീൽചെയറുകൾ വിതരണം ചെയ്യുന്നതിന്റെ ഭാഗമായി തിരുവല്ല സത്യകൂടാരത്തിൽ വെച്ച് ഡിസംബർ 12ന് നടന്ന വീൽചെയർ വിതരണോദ്ഘാടനത്തിൽ സത്യം മിനിസ്ട്രീസ് ചെയർമാൻ ഡോ. സി.വി. വടവന അദ്ധ്യക്ഷത വഹിച്ചു. പ്രസ്തുത സമ്മേളനം ബിഷപ്പ് ഗീവർഗീസ് മാർ തിമോത്തിയോസ് ഉദ്ഘാടനം ചെയ്തു.

ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപോലീത്ത അനുഗ്രഹ പ്രഭാഷണം നടത്തി. സത്യം സനാധനമാണ്. സനാധനൻ ദൈവം മാത്രമാണ്. സത്യം ദൈവത്തിൽ നിന്നുള്ള പ്രവർത്തിയാണ്. സത്യമേവ ജയതേ എന്നാണ് നമ്മുടെ ആപ്തവാക്യം. അത് മാനുഷിക സേവനവും, ധാർമ്മിക സേവനവും, ദൈവീക സേവനവുമാണ്. ഇന്ത്യയിലെ വികലാംഗരിൽ പലർക്കും വീൽചെയർ വിലകൊടുത്തു വാങ്ങുവാൻ നിർവ്വാഹമില്ലാതിരിക്കുമ്പോൾ പക്ഷവാതക്കാരനോട് എഴുന്നേറ്റു നടക്കുവാൻ പറഞ്ഞ യേശുവിന്റെ സേവനമനോഭാവമാണ് ഈ സൗജന്യ വീൽചെയർ വിതരണത്തിലൂടെ സത്യം മിനിസ്ട്രീസ് ആവർത്തിക്കുന്നത് എന്ന് അദ്ദേഹം പ്രസ്താവിച്ചു.

സുവി. എം. വി. ബാബു, പാസ്റ്റർ വർഗീസ് മത്തായി, ബ്രദ. ജോർജ് വർഗീസ്, റവ. സണ്ണി എബ്രഹാം, ഇവാ. ഇ.എസ്. റെജി, തോമസ് മാത്യു എന്നിവർ പ്രസംഗിച്ചു. അന്നേ ദിവസം 3000 വീൽചെയറുകൾ സൗജന്യമായി വിതരണം ചെയ്തു.

# ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് ബിരുദദാന സമ്മേളനവും ബൈബിൾ പ്രഭാഷണവും

**പത്തനംതിട്ട:** ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബി.റ്റി.എച്ച് (14-ാം ബാച്ച്) എം.റ്റി.എച്ച് (3-ാം ബാച്ച്) ബിരുദ ദാന സമ്മേളനം 2012 ഫെബ്രുവരി 18-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ഇലന്തൂർ പരിയാരത്തുള്ള ബി.ബി.ഐ. ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. ഡോ. ഒ.എം. ശമുവേൽ അദ്ധ്യക്ഷനായിരിക്കും. ഫെബ്രുവരി 16,17 (വ്യാഴം, വെള്ളി) ദിവസങ്ങളിൽ വൈകിട്ട് 6.00 മുതൽ 8.00 വരെ വിശ്വാസികൾക്കായി പ്രത്യേക യോഗം ബി.ബി.ഐ. ഓഡിറ്റോറിയത്തിൽ വച്ച് ക്രമീകരിച്ചിരിക്കുന്നു. ബ്രദർ കെ.എ. മാത്യു (പ്രിൻസിപ്പാൾ, സ്റ്റുവേർഡ് ബൈബിൾ കോളേജ്, ചെന്നൈ) വചന ശുശ്രൂഷ നിർവഹിക്കും.

**പത്രാധിപ സമിതി**

**ഡോ. സി.വി. വടവന**
(ചീഫ് എഡിറ്റർ)

**എ.വി. ജോൺ**
**ജിജോ അങ്കമാലി**
**എ.സി. ജോസഫ്**
**പി.എം. ഏബ്രഹാം**
(സബ് എഡിറ്റർ)

**ഇ.എസ്. റെജി**
(മാനേജിംഗ് എഡിറ്റർ)

**മേരിക്കുട്ടി പി.ജെ.**
(സർക്കുലേഷൻ)

**സാം സി. വടവന**
(റസിഡന്റ് എഡിറ്റർ)

**വിദേശ പ്രതിനിധികൾ**

**യു. എസ്. എ.**

**ന്യൂയോർക്ക്**
എ. ജോൺ ബേബി
845 352 3626

**ടെക്സാസ്**
മാത്യു തോമസ്
281-397-6923

**ഡാളസ്**
എഡ്വിൻ ജോസഫ്
972 965 0449

**മിനിസോട്ടോ**
വർഗീസ് പി. വർഗീസ്
651 686 9797

**ചിക്കാഗോ**
താരു വർഗ്ഗീസ്
630 910 4148

**ഹൂസ്റ്റൺ**
രാജൻ സി. മാത്യു
281 443 0060

**ബഹ്റിൻ**
ജെ. ഡി. പോൾ
714 431

**യു. എ. ഇ.**

**അബുദാബി**
ബിജോയ് ജോൺസ് ജോർജ്ജ്
050 – 5313382

**ഷാർജ**
സി.എം.ജേക്കബ്
050 – 6346356



**ജീവവചനം**
ഏറ്റവും പ്രചാരമുള്ള ബ്രദറൺ വാർത്താ വാരിക

**വാർഷിക വരിസംഖ്യ**
ഇൻഡ്യയിൽ **50** രൂപ
ആയുഷ്ക്കാല വരിസംഖ്യ **500** രൂപ
**USA $ 50**
മറ്റു രാജ്യങ്ങൾ **1000** രൂപ

**വിലാസം**
**ജീവവചനം**
സത്യം മിനിസ്ട്രീസ്
തോട്ടഭാഗം പി.ഒ., തിരുവല്ല - 689 541
Ph: 0469 2619209
Mob: 9447126182

**U.S.A**
Sathyam Publications Inc
P.O. Box. 1297
CORONA, CA 92878
Tel: 562 774 5673
Email: satyam_india@yahoo.com,

www.truthintl.org


തലക്കുറി

# നമ്മുടെ കൺവൻഷനുകൾ

**ഡോ. സി.വി. വടവന**

മീണ്ടും ഒരിക്കൽകൂടി കൺവൻഷൻ തിരക്കായി. പതിവുപരിപാടികളും ഒരുക്കങ്ങളും തകൃതിയായി അരങ്ങേറിത്തുടങ്ങി. ഇനിയും രണ്ടുമാസത്തേയ്ക്കു കൺവൻഷൻ കാലയളവ് എന്നുതന്നെ വേണമെങ്കിൽ പറയാം. എന്നാൽ നമ്മുടെ മഹായോഗങ്ങൾക്കൊണ്ട് നാം എന്തു നേടുന്നു എന്നതു ചിന്തിക്കേണ്ടതാണ്. പലപ്പോഴും പലയിടത്തും ബലശാലികളുടെ യുദ്ധസേവ പരാജയമായി കലാശിക്കുന്നു. നമ്മുടെ ആത്മീക ലേബലിൽ നടക്കുന്ന യുദ്ധങ്ങളിൽ നിന്നു 'കൊള്ള'യൊന്നും ലഭിക്കുന്നില്ല. കൺവൻഷനുകൾ പലതും ഉത്സവമേളങ്ങളായി മാറിക്കഴിഞ്ഞു. ദൈവഹിതത്തെക്കുറിച്ചു കൂടുതൽ പറയുന്നവർതന്നെ 'ഈ വർഷത്തെ കൺവൻഷൻ' ദൈവഹിതപ്രകാരമാണോ എന്ന് ആരായാൻ മെനക്കെടുന്നില്ല. നടത്തിപ്പുകാർക്കുതന്നെ ഇതുകൊണ്ടു സാധിക്കേണ്ട ലക്ഷ്യത്തെക്കുറിച്ചു ബോധമില്ല. അന്യോന്യം വിമർശിക്കുവാനും കുറ്റംപറയുവാനും ഭിന്നത സൃഷ്ടിക്കുവാനും പലയിടത്തും കൺവൻഷനുകൾ വേദിയൊരുക്കുന്നു.

പ്രാർത്ഥനാജീവിതമില്ലാത്ത പ്രസംഗകർ ഈ രംഗത്തെ മറ്റൊരു വിപത്താണ്. സായിപ്പിന്റെ വ്യാഖ്യാന ഗ്രന്ഥങ്ങളും, മൂലഭാഷയിലെ പിടികിട്ടാത്ത പദങ്ങളും ഒക്കെപ്പറഞ്ഞ് ഭക്തന്മാരുടെയിടയിൽ തിയോളജിക്കൽ ഡോക്ടറാകാൻ വിരുതു പ്രകടിപ്പിക്കുന്നവർ സാധാരണക്കാരുടെ 'ആഹാരം' എന്താണെന്നു മറന്നുപോകുന്നു. ബന്ധുത്വവും മറ്റുപരിഗണനകളും വച്ചാണ് ഇവരേത്തന്നെ തെരഞ്ഞെടുക്കുന്നത്. ഈ മഹാന്മാരെ വഷളാക്കുന്നതുപോലും തിരക്കിട്ട കൺവൻഷൻ പരിപാടികളാണ്. ഒരു സ്ഥലത്തെ പ്രസംഗം കഴിഞ്ഞാലുടൻ പൊക്കണം എടുത്ത് അടുത്ത സ്ഥലത്തേയ്ക്ക് യാത്രയാകുന്ന വി.ഐ.പി. പ്രസംഗകരും നമുക്കുണ്ട്. മൂക്കത്തു കയ്യും വച്ച് പരിതാപകരം എന്ന് ഇവരേക്കുറിച്ചു പറയാതെ നിവൃത്തിയില്ല. തങ്ങൾ ചെയ്യുന്നത് ഒരു ആത്മീക ശുശ്രൂഷയാണെന്നുപോലും ബോധ്യമില്ലാത്ത പ്രസംഗവരേണ്യർ ഈ രംഗത്തു കടന്നുകൂടിയിട്ടുണ്ട്. മുട്ടിന്മേൽ നിന്നു ശീലമില്ലാത്ത ഇവർ വരുത്തിവെയ്ക്കുന്ന വിന കുറവല്ല.



രട്ടിലും വെണ്ണീറിലും ദൈവജനം ഇരിക്കേണ്ട കാലഘട്ടമാണിപ്പോൾ. പക്ഷേ നമുക്കു താൽപര്യം കൊയ്ത്തുപെരുനാൾ ആഘോഷിക്കാനാണ്. അനുതാപശുശ്രൂഷയില്ലാത്ത ആഹ്ലാദശുശ്രൂഷ കരണീയമല്ലല്ലോ! നമ്മുടെ സഭകളും കൂട്ടായ്മകളും യോപ്പയിലേക്കു പോയ കപ്പൽ സമാനം വട്ടം കറങ്ങുന്ന സമയമാണിപ്പോൾ. ഇങ്ങനെ വരുവാൻ കാരണമെന്തെന്ന് ഹൃദയ നുറുക്കത്തോടെ ചിന്തിക്കാൻ കെല്പുള്ള ഭക്തന്മാർ മുമ്പോട്ടു വരണം. അങ്ങനെയായാൽ നമ്മുടെ യുദ്ധസേവകർ മഹാ കൊള്ളകിട്ടി സന്തോഷിക്കാനിടയാകും.

ലക്ഷക്കണക്കിനു രൂപാ പൊടിപൊടിക്കുന്ന കൺവൻഷനുകളിൽ 'ദൈവഹിതം' മുഖ്യവിഷയമായിരിക്കണം. പ്രോഗ്രാം എഴുതാനും പ്രസംഗകനെ നിശ്ചയിക്കാനും അരുമനാഥന്റെ കയ്യിൽ പേനാ കൊടുക്കാൻ ഇന്നത്തെ സംഘാടകർ വിധേയത്വം കാട്ടണം. അവിടവിടങ്ങളിലുള്ള ഭിന്നിപ്പുകാരെ ഒന്നിപ്പിക്കാനുള്ള ബുദ്ധ്യോപദേശം പ്രഭാഷകർ നൽകണം. എങ്കിൽ ആർപ്പുവിളി നമ്മുടെ കൂടാരങ്ങളിൽ നിന്നും ഉയർന്നു കേൾക്കാനാവും.

**ചീഫ് എഡിറ്റർ**

# കത്തുകൾ... കത്തുകൾ... കത്തുകൾ...

## എരുമേലി സഭാഹാളും വഴിയും: ചില വസ്തുതകൾ

1995 ൽ ജയിംസിന്റെ ഭവനത്തിലാണ് കൂടിവരവ് ആരംഭിച്ചത്. ദൈവകൃപയാൽ സഭ വളർന്നു. 1996 ൽ സ്റ്റ്യൂവാർഡ് അസോസിയേഷന്റെ പേരിൽ 8 സെന്റ് സ്ഥലം വാങ്ങി. ഹാൾ നിർമ്മിച്ചു. ഈ രണ്ട് ആവശ്യങ്ങളിലേക്ക് ജയിംസ് 2 ലക്ഷം രൂപാ നല്കിയിട്ടുണ്ട്.

സ്ഥലം വാങ്ങുവാൻ ഇടനില നിന്ന എരുമേലി സ്വദേശി ഷാജി (മൊബൈൽ: 9037625831) ഞങ്ങൾക്കൊപ്പം വാങ്ങിയ തന്റെ 30 സെന്റു സ്ഥലത്തിന്റെ വശത്തുകൂടി 12 അടി വീതിയിൽ സഭാഹാളിലേക്ക് വഴി ഉപയോഗിക്കുവാൻ അനുവാദം നല്കി. ആ വഴിയാണ് 1996 മുതൽ 2002 വരെയുള്ള 6 വർഷം ഉപയോഗിച്ചത്. കട്ട, മണൽ, സിമിന്റ്, കമ്പി, മെറ്റൽ ഇവയെല്ലാം കൊണ്ടുപോയത് ഈ വഴിയിലൂടെയാണ്. 1/2 മീറ്റർ വഴിയിലൂടെയല്ല. 2000 ഡിസംബറിൽ സ്തോത്രശുശ്രൂഷ നിർവഹിക്കുമ്പോഴും പിന്നീടുള്ള 2 വർഷവും ഈ 12 അടി വീതിയിലുള്ള വഴിയാണ് ഉപയോഗിച്ചത്. ഹാളിലേക്കുള്ള 3 ഇലക്ട്രിക് പോസ്റ്റും ഈ വഴിയുടെ വശത്താണ്.

2002 ൽ ഷാജിയുടെ 30 സെന്റ് സ്ഥലം വിറ്റു. വാങ്ങിയവർ കമ്പിവേലി കെട്ടി. വഴി അടഞ്ഞു. 4 പ്ലോട്ടുകൾക്കായി 1/2 മീറ്റർ വീതം 2 മീറ്റർ പൊതുവഴിയായി നല്കും എന്ന ധാരണയിലായിരുന്നു ഇടപാട്. എരുമേലി ഹാളിലേക്കുള്ള 1/2 മീറ്റർ വീതിയിൽ വഴി നിലവിലുണ്ട്.

ഹാളിലേക്കുള്ള വഴി അടഞ്ഞപ്പോൾ സഭാഹോൾ മുതൽ റോഡുവരെ വസ്തു ഉള്ള എരുമേലി ദേവസ്വം ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ ആയിരുന്ന ഹരിദാസ് സാറിനെ കണ്ട് വസ്തുതകൾ ബോധ്യപ്പെടത്തി. തന്റെ ഔദാര്യം കൊണ്ടു 15 അടി വീതിയിൽ വഴി ലഭിച്ചു. 25000 രൂപാ കൊടുത്ത് കരാർ ഉടമ്പടി ചെയ്തത് ഞാനാണ്. 15 സെന്റ് സ്ഥലം 3.75 ലക്ഷത്തിനാണ് ധാരണ ആയത്. ആധാരം രജിസ്റ്റർ ചെയ്യുവാൻ നിൽക്കാതെ പിറ്റേ ദിവസം (ഞായർ) മുതൽ ഈ വസ്തുവിലൂടെയാണ് ദൈവമക്കൾ ആരാധനയ്ക്ക് പോയത്.

വഴിയുടെയും വസ്തുവിന്റെയും കാര്യം സാന്ദർഭികമായി ജയിംസുമായി സംസാരിക്കേണ്ടി വന്നപ്പോൾ "ആരാധനയ്ക്ക് പോകാൻ വഴി മതിയല്ലോ. ഞാൻ എന്റെ പേരിൽ സ്ഥലം വാങ്ങിക്കൊള്ളാം. ഒന്നര അടിയുടെ കൂടെ മൂന്ന് അടി കൂടി ചേർത്ത് വഴി തരാം. ബാക്കി സ്ഥലത്ത് ഞാൻ എന്തെങ്കിലും പണി നടത്തിക്കൊള്ളാം" എന്നു പറഞ്ഞു. അങ്ങനെ സമ്മതിച്ച് അദ്ദേഹത്തിന്റെ ഭാര്യയുടെ പേരിൽ ഹരിദാസ് സാറിനെക്കൊണ്ട് പ്രമാണം റജിസ്റ്റർ ചെയ്യിക്കുകയായിരുന്നു.

2002ൽ ജയിംസ് ഈ കാര്യത്തിന് മുന്നോട്ട് വരാതിരുന്നെങ്കിൽ ലോകമെങ്ങുമുള്ള വേർപെട്ട ദൈവജനം അവരുടെ ഒരു പൊതു ആവശ്യമായി കരുതി ഈ സ്ഥലത്തിന്റെ വില എരുമേലിയിലെ എളിയ വിശ്വാസികൾക്ക് നല്കുമായിരുന്നു. ഈ സ്ഥലം വഴിക്കായി ലഭിക്കുന്നതിന് ജയിംസിനെ സമീപിച്ചപ്പോൾ മുടക്കിയതിന്റെ ഇരട്ടി കൊടുക്കാമെന്നു പറഞ്ഞിട്ട് മനസ്സായില്ല എന്നു മാത്രമല്ല 22,5000 (ഇരുപത്തിരണ്ടര ലക്ഷം) രൂപാ തന്നാൽ തരാമെന്നും പറഞ്ഞിരിക്കയാണ്. എന്തു ചെയ്യാം?

മാധ്യമത്തിലൂടെ ആരോപണം വന്നപ്പോൾ വാഗമണ്ണിൽ ലേബർ ഇൻഡ്യ ഇൻറനാഷണൽ സ്കൂളിന്റെ പ്രിൻസിപ്പലായി ഇപ്പോൾ ജോലി നോക്കുന്ന ഹരിദാസ് സാറിനെ ഡിസംബർ 18 ഞായർ വൈകുന്നേരം 5:30 ന് റാന്നി സഭകളിലെ 7 സഹോദരന്മാരും ഞാനും കൂടി തന്റെ ഓഫീസിൽ ചെന്ന് കാണുകയുണ്ടായി.

(തുടർച്ച 11-ാം പേജിൽ)

പഴയപുറം

# സുവിശേഷകന്റെ പ്രവൃത്തി



കെ.ജി. കുര്യൻ

തിമൊഥെയോസ് ഒരു ബിഷപ്പൊ ഇടയനോ ആയിരുന്നെന്നു തിരുവെഴുത്തിൽ പറയുന്നില്ല. എന്നാൽ ഒരു സുവിശേഷകനായിരുന്നു എന്നതിനു തർക്കമില്ല. “നീയോ സകലത്തിലും നിർമ്മദൻ ആയിരിക്ക; കഷ്ടം സഹിക്ക; സുവിശേഷകന്റെ പ്രവൃത്തി ചെയ്ക; നിന്റെ ശുശ്രൂഷ നിറപടിയായി നിവർത്തിക്ക” (2 തിമൊ. 4:5) എന്നാണു പൗലൊസ് തിമൊഥെയോസിനോടു പറയുന്നത്. സുവിശേഷകനായിരിക്ക എന്നു പറയുന്നതും സുവിശേഷകന്റെ പ്രവൃത്തി ചെയ്യുന്നതും തമ്മിൽ കുറച്ചു വ്യത്യാസമുണ്ട്. സുവിശേഷസാക്ഷ്യം പറയേണ്ടതു സകല വിശ്വാസികളുടെയും കർത്തവ്യമാണ്. അപ്പൊസ്തല സഭയുടെ ഒരു പ്രത്യേകത വിശ്വസിച്ചവരെല്ലാം സുവിശേഷം അറിയിക്കുന്നതിൽ സജീവമായ ഒരു പങ്കു വഹിച്ചിരുന്നു എന്നുള്ളതാണ്. യെരുശലേമിലെ സഭയ്ക്കു ഉപദ്രവം നേരിട്ടപ്പോൾ അപ്പൊസ്തലന്മാർ ഒഴികെ എല്ലാവരും ചിതറിപ്പോയി. എന്നാൽ ചിതറിപ്പോയവർ വചനം സുവിശേഷിച്ചുംകൊണ്ടും അവിടവിടെ സഞ്ചരിച്ചതായി നാം വായിക്കുന്നു (പ്രവൃ. 8:1,4). സുവിശേഷവേല സഭയുടെ മൊത്തം ജോലിയാണെന്നു നാം ഗ്രഹിക്കുന്നതുവരെയും പുരോഗമനാത്മകമായി സുവിശേഷവേല ചെയ്യുവാൻ നമുക്കു കഴിയുന്നതല്ല.

സുവിശേഷവേല എല്ലാവരുടെയും ചുമതലയാണെങ്കിലും സുവിശേഷകൻ എന്ന കൃപാവരം ചിലർക്കു മാത്രമുള്ളതാണ്. ഒരു സുവിശേഷകനെ എഴുന്നേൽപ്പിക്കുന്നതു അഥവാ നിയമിക്കുന്നതു കർത്താവിന്റെ മാത്രം അധികാരത്തിൽ പെട്ടതാണ്. “അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു” (എഫെ. 4:11). ഉയിർത്തെഴുന്നേററു സഭയുടെ ശിരസ്സായിരിക്കുന്ന നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവാണു ഒരു സുവിശേഷകനെ നിയമിക്കേണ്ടത്. ഒരു അപ്പൊസ്തലനുപോലും ഒരു സുവിശേഷകനെ നിയമിക്കാൻ അധികാരമില്ല, അങ്ങനെ ചെയ്തതായി പുതിയ നിയമത്തിൽ കാണുന്നുമില്ല. ഫീലിപ്പോസ് എന്ന സുവിശേഷകനെ (പ്രവൃ. 21:8) ആദ്യം നിയമിച്ചതു സുവിശേഷകനായിട്ടല്ല മേശയിൽ ശുശ്രൂഷിക്കുന്ന ഒരാളായിട്ടാണ് (പ്രവൃ. 6:1–6). സുവിശേഷകന്റെ പദവി വളരെ വലിയതു തന്നെയാണ്. അപ്പൊസ്തലന്റെയും പ്രവാചകന്റെയും കൃപാവരം കഴിഞ്ഞാലുടൻ പറയുന്നതു സുവിശേഷകന്റെ കാര്യമാണ്. അതിനുശേഷം ഇടയന്റെയും ഉപദേഷ്ടാവിന്റെയും സംഗതി പറയുന്നുള്ളൂ. ക്രൈസ്തവലോകത്തിലെ പല സംഘങ്ങളിലും സുവിശേഷകനെക്കാൾ വലിയ ഒരു സ്ഥാനമാണു ഇടയനു കൊടുത്തിരിക്കുന്നത്. സുവിശേഷകനായി ആരംഭിച്ച് ഇടയൻ ആയിത്തീരുകയോ ആക്കിത്തീർക്കുകയോ ആണ്.

സുവിശേഷകന്റെ ജോലി പ്രധാനമായി സഭയ്ക്കു വെളിയിലാണ്. ഇടയന്റെയും ഉപദേഷ്ടാവിന്റെയും ജോലി പ്രധാനമായി സഭയ്ക്കുള്ളിലുമാണ്. അതുകൊണ്ടാണ് സഭയുടെ ശുശ്രൂഷയെയും ആത്മീകാഭിവൃദ്ധിയേയും കുറിച്ചു പറയുന്നിടത്തു (1 കൊരി. 12:28) സുവിശേഷകന്റെ കാര്യം പറയാതിരിക്കുന്നത്. എന്നാൽ സുവിശേഷകനെ കൂടാതെ ഉപദേഷ്ടാവോ ഇടയനോ (ഇതു രണ്ടും ഒരാളെന്ന നിലയിലാണു പറഞ്ഞിരിക്കുന്നത്) തന്റെ ശുശ്രൂഷ നിറവേറ്റുന്നതിനു കഴികയില്ല. സുവിശേഷകൻ പാപികളോട് സുവിശേഷം അറിയിച്ച് അവർ രക്ഷിക്കപ്പെട്ടു സഭയുടെ കൂട്ടായ്മയിൽ വരുന്നു. അതിനുശേഷമാണ് ഉപദേഷ്ടാവിന്റെയും ഇടയന്റെയും ജോലിയ്ക്കു സ്ഥാനമുള്ളത്. ചിലപ്പോൾ സുവിശേഷകനിൽ തന്നെ ഉപദേശിപ്പാനുള്ള കഴിവും ഉണ്ടായിരിക്കും. സുവിശേഷകനെന്നുള്ള കൃപാവരം ഏറ്റം അഭികാമ്യമാണ്. ശ്രേഷ്ഠവരങ്ങളെ വാഞ്ഛിക്കാൻ പറഞ്ഞിട്ടുള്ള സ്ഥിതിക്ക് (1 കൊരി. 12:31) യുവസഹോദരങ്ങളിൽ ചിലർ സുവിശേഷകന്റെ കൃപാവരത്തിനായി വാഞ്ഛിക്കുന്നതു ഇക്കാലത്തെ വേലയുടെ ആവശ്യത്തിനനുയോജ്യമായ ഒന്നായിരിക്കും. “എന്റെ ഉജ്വലത്തായ രാഷ്ട്രീയ കഴിവുകളേക്കാൾ ഒരു വിനീതനായ സുവിശേഷ പ്രസംഗിയുടെ സ്ഥാനത്തെ ഞാൻ വിലമതിക്കുന്നു” എന്നു പ്രസിദ്ധനായ ഒരു ബ്രിട്ടീഷ് രാജ്യതന്ത്രജ്ഞൻ പറഞ്ഞിട്ടുണ്ട്. ദൈവത്തിൽ നിന്നു മനുഷ്യർക്ക് ലഭിച്ചിട്ടുള്ളതിലേക്കും മഹത്തരമായ സന്ദേശമാണു സുവിശേഷം. അതറിയിക്കുന്നതിനു കർത്താവു വിളിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ!

*(കെ.ജി. കുര്യൻ ജീവചരിത്രത്തിൽ നിന്നും)*

*(തുടരും)*

# വിവാഹമോചനം: ഒരു നവീനോപദേശം?

**സുവി. പി.എസ്. തമ്പാൻ, റാന്നി** *(തുടർച്ച)*



മത്താ. 19:4–8–ലും, മാർക്കൊ. 10:6–9–ലും “പറ്റിച്ചേരു”മ്പോൾ ഭാര്യാഭർത്താക്കന്മാരാകുന്നു എന്ന് ഒരു വിദൂര സൂചനപോലും ഇല്ല. ദൈവം യോജിപ്പിക്കുമ്പോൾ ഭാര്യാഭർത്താക്കന്മാരാകുന്നു എന്നാണ് കർത്താവ് പറഞ്ഞത്. ഇവിടെ പ്രിയ സഹോദരന് പിണഞ്ഞ ഒരു വലിയ പ്രശ്നമുണ്ട്. ഇവിടെ ഉപയോഗിച്ച “പരസംഗം” (Fornication), “വ്യഭിചാരം” (Adultary) എന്നീ വാക്കുകൾകൊണ്ട് കർത്താവ് ഉദ്ദേശിക്കുന്ന അർത്ഥം ഗ്രഹിക്കാത്തതാണത്. ശാരീരികമായി പറ്റിച്ചേരുന്നതിനു മുമ്പേ വിവാഹിതരാകുവാനുള്ള യുവതിയോ യുവാവോ ഏർപ്പെടുന്ന പരബന്ധമാണ് പരസംഗം. “അവർ കൂടിവരുന്നതിനു മുമ്പു”ള്ള കാലഘട്ടത്തിൽ, അഥവാ വിവാഹ നിശ്ചയത്തിനും വിവാഹത്തിനും ഇടയ്ക്കുള്ള കാലഘട്ടത്തിലെ അവിശ്വസ്തതയാണ് ‘പരസംഗം’. കൂടിച്ചേർന്നു വിവാഹിതരായതിനു ശേഷമുള്ള അവിശ്വസ്തതയാണ് വ്യഭിചാരം. കർത്താവ് ഇവിടെ ഈ രണ്ടു വാക്കും ഉപയോഗിച്ചിട്ടുണ്ട്. ഇപ്രകാരം പരസംഗം ഹേതുവായി വിവാഹമോചനം നേടിയാൽപോലും വേറെ വിവാഹം കഴിക്കുവാൻ അനുവാദമില്ലായിരുന്നു. വിവാഹബന്ധത്തിൽ ഒന്നാകുംമുമ്പ് വിവാഹ നിശ്ചയശേഷം വിവാഹമോചനം നേടുന്നതിനും ഉപേക്ഷണപത്രം നൽകുമായിരുന്നു. അങ്ങനെ മോചനം നേടിക്കഴിഞ്ഞ് ഇരുകക്ഷികളും “വിവാഹം കൂടാതെ പാർക്കണം” എന്നാണ് വ്യവസ്ഥ. മറിച്ച് വേറെ വിവാഹം കഴിച്ചാൽ വ്യഭിചാരം ചെയ്യുന്നു എന്ന് കർത്താവ് കൃത്യമായി പറയുന്നു.

വ്യക്തമായ ഒരു ഉദാഹരണം കൊണ്ട് ഇതു തെളിയിക്കാം

മത്താ. 1:18–25 വരെ വായിക്കുക. “മറിയ യോസേഫിനു വിവാഹം നിശ്ചയിക്കപ്പെട്ടശേഷം അവർ കൂടിവരും മുമ്പേ..... ഗർഭിണിയായി എന്നു കണ്ടു. അവളുടെ ഭർത്താവായ യോസേഫ്....... അവളെ ഗൂഢമായി ഉപേക്ഷിക്കുവാൻ ഭാവിച്ചു” (വാ. 18,19). കൂടിവരുംമുമ്പേ മറിയ ഗർഭിണിയായത് അറിഞ്ഞ് യോസേഫ് ഉപേക്ഷിക്കുവാൻ ശ്രമിച്ചു. അപ്പോൾ വിവാഹ നിശ്ചയം ചെയ്യപ്പെട്ടു കഴിഞ്ഞ് വിവാഹത്തിൽ കൂടിവരും മുമ്പേ ഇത്തരം ഒരു സ്ഥിതി ഉണ്ടായാൽ ഉപേക്ഷിക്കാം എന്നു തെളിയുന്നു. കൂടി വന്നുകഴിഞ്ഞോ? ഉപേക്ഷണം അനുവദനീയമല്ല. ഇക്കാലഘട്ടത്തിൽ, അഥവാ വിവാഹം നിശ്ചയിക്കപ്പെട്ടുകഴിഞ്ഞ് കൂടിവരുംമുമ്പേ, മേൽപ്പറയപ്പെട്ട ഒരു സാഹചര്യം ഉണ്ടായാൽ ഉപേക്ഷിക്കാം. എന്നാൽ ഉപേക്ഷിക്കപ്പെട്ടവർ വിവാഹം കൂടാതെ പാർക്കണം എന്നാണു വ്യവസ്ഥ. സഹോ. എം.എ. ജോയി പറഞ്ഞ പറ്റിച്ചേരലൊന്നും ഇവിടെ നടന്നിട്ടില്ല. ഇവിടെ ശ്രദ്ധിക്കേണ്ട മറ്റൊരു പ്രധാന കാര്യംകൂടി ഉണ്ട്.

വിവാഹ നിശ്ചയം കഴിഞ്ഞു, കൂടിവന്നിട്ടുമില്ല ആ സമയത്ത് യോസേഫിനെ മറിയയുടെ “ഭർത്താവ്” എന്നാണ് തിരുവെഴുത്തായ ബൈബിൾ വിശേഷിപ്പിക്കുന്നത് (വാ. 19). “അവൻ അവളെ ഗൂഢമായി ഉപേക്ഷിക്കുവാൻ” ശ്രമിച്ചപ്പോൾ കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ അവനോടു പറഞ്ഞത്: “ദാവീദിന്റെ മകനായ യോസേഫേ, നിന്റെ ഭാര്യയായ മറിയയെ ചേർത്തുകൊള്ളുവാൻ ശങ്കിക്കേണ്ടാ?” (വാ. 20) എന്നാണ്. വിവാഹനിശ്ചയം കഴിഞ്ഞു എന്ന ഏക കാരണത്താൽ മറിയ യോസേഫിന്റെ ഭാര്യയായി. അവർ കൂടിവരുംമുമ്പേ, സഹോദരന്റെ ഭാഷയിൽ പറഞ്ഞാൽ പറ്റിച്ചേരുംമുമ്പേ അവരെ ഭർത്താവും ഭാര്യയുമായി സ്വർഗ്ഗം അംഗീകരിച്ചു എന്ന സത്യം പകൽ പോലെ വ്യക്തമല്ലേ?

തുടർന്നു പറയുന്നത് “ദൂതൻ കൽപ്പിച്ചതുപോലെ.......ഭാര്യയെ ചേർത്തുകൊണ്ടു” (വാ. 24) എന്നാണ്. “ഭാര്യയായി ചേർത്തുകൊണ്ടു” എന്നല്ല. “ഭാര്യയെ ചേർത്തുകൊണ്ടു” എന്നാണ്. “പറ്റിച്ചേരൽ” എന്ന വാക്കു വെച്ചുള്ള സഹോ. എം.എ. ജോയിയുടെ വാദഗതി തുടച്ചുമായ്ക്കപ്പെടുന്നത് അടുത്ത ആശയത്തിലാണ്. “മകനെ (യേശുവിനെ) പ്രസവിക്കുംവരെ അവൻ അവളെ പരിഗ്രഹിച്ചിട്ടില്ല” (വാ. 25). പരിഗ്രഹണം, സഹോദരന്റെ വീക്ഷണത്തിലെ “പറ്റിച്ചേരൽ” നടക്കുമുമ്പേ അവർ പരസ്പരവും ലോകവും സ്വർഗ്ഗവും അവരെ ഭാര്യാഭർത്താക്കന്മാരായാണ് അംഗീകരിച്ചത്.

സഹോ. എം.എ. ജോയി ഉൽപ്പത്തി 2:24; എഫെ. 5:13; മത്താ. 19:3–6; മർക്കൊ. 10:6–9 എന്നീ വേദഭാഗങ്ങളും ചൂണ്ടിക്കാണിച്ച് “പറ്റിച്ചേരുന്നതിനാൽ (?) അവർ രണ്ടല്ല ഒരു ദേഹമത്രേ”, ആ കാരണത്താൽ അവരെ വേർപെടുത്തരുതെന്നുമാണ് കർത്താവു പറഞ്ഞത് എന്നു പറയുന്നു. ദൈവവചനത്തോടു നീതി പുലർത്താത്ത ശുദ്ധഅസംബന്ധമാണ് ഈ പ്രസ്താവന.

“ദൈവം യോജിപ്പിച്ചതുകൊണ്ട് വേർപിരിക്കരുത്” എന്നാണ് കർത്താവ് പറഞ്ഞത്. “പറ്റിച്ചേരുക” എന്നത് ശാരീരികമായ മനുഷ്യപ്രക്രീയയാണെന്നാണു സഹോദരന്റെ പക്ഷം. അങ്ങനെ എങ്കിൽ അതു മനുഷ്യർ തമ്മിലുള്ള മാനുഷീക യോജിപ്പാണ്. ദൈവം യോജിപ്പിച്ചതല്ല. എന്നാൽ കർത്താവ് പറഞ്ഞത് “ദൈവം യോജിപ്പിക്കുന്ന” കാര്യമാണ്. സഹോ. എം.എ. ജോയി കാർമ്മികനായ വിവാഹങ്ങൾക്ക് ഞാൻ പങ്കെടുത്തിട്ടുണ്ട്. അവിടെ എങ്ങും “നിങ്ങൾ പറ്റിച്ചേർന്നു കഴിഞ്ഞ് വേർപിരിയരുത്” എന്നു ഒരിക്കൽപോലും പറഞ്ഞിട്ടില്ല. ഇതു ഇപ്പോൾ പറഞ്ഞുപോയ ഒരു അബദ്ധം പിൻവലിക്കുവാനുള്ള ദുരഭിമാനമല്ലാതെ വേറൊന്നുമല്ല.

“കർത്താവുമായി ഏക ശരീരമാകുന്നു” എന്നു പൗലൊസ് പറയുന്ന 1 കൊരി 6–ാം അധ്യായം പഠിച്ചാൽ പറ്റിച്ചേരൽ സഹോ. എം.എ. ജോയി പറയുന്നതുപോലെയല്ലന്നേ സാമാന്യബുദ്ധികൾക്കു മനസിലാകൂ. ക്രിസ്തുവിന്റെ ശരീരം അക്ഷരീകമോ, മാർമ്മികമോ? കർത്താവിന്റെ ശരീരവുമായുള്ള പറ്റിച്ചേരലിനെ ലൈംഗീക ചുവകലർന്ന പറ്റിച്ചേരലാക്കി അവതരിപ്പിക്കുന്ന വ്യാഖ്യാനത്തിന് എന്തുപേരിടണം? ഈ വാക്യങ്ങൾകൊണ്ട് “പറ്റിച്ചേരലും” “ഒരു ദേഹമായിത്തീരലും” ശാരീരികമല്ലന്നേ സ്ഥാപിക്കാനാവൂ.

*(തുടരും)*

*B.C.C.F നിർദ്ദേശങ്ങൾ വിവാദമാകുന്നു*

# വിവാഹ ശുശ്രൂഷ ചെയ്യാൻ ലൈസൻസ് വേണമെന്നോ!

**പി.ഡി. ചാക്കോ, കുറുമാത്തൂർ (കണ്ണൂർ)**



**വി**വാഹം ജൈവത്തിന്റെ ആലോചനയാലും ദൈവാത്മാവിന്റെ നടത്തിപ്പിനാലും ദൈവസാന്നിധ്യത്തിൽ നടത്തപ്പെടുന്നതാണെന്ന് നാം ആത്മാർത്ഥമായി വിശ്വസിക്കുന്നുവെങ്കിൽ ദൈവത്തിനു വേണ്ടി പരസ്യമായി ആ ശുശ്രൂഷ ചെയ്യുന്ന ശുശ്രൂഷകൻ മനുഷ്യരായ അധികാരികളിൽ നിന്നു അതിനു ലൈസൻസ് വാങ്ങിയിരിക്കണമെന്നു പറയുന്നത് എത്രയോ വലിയ ദുരാലോചന! എത്ര വലിയ അവിശ്വസ്തത! മാരേജ് ആക്റ്റിൽ ലൈസൻസ് വാങ്ങി വിവാഹം നടത്തുവാൻ വ്യവസ്ത ചെയ്തിരിക്കുന്നത് ക്രിസ്തീയ കൂട്ടായ്മയ്ക്കു പുറത്തു നില്ക്കുന്നവർക്കു വേണ്ടിയാണെന്നു തിരിച്ചറിയണം. ഈ കാര്യം ബോധ്യമുള്ള ദൈവദാസന്മാർ ദൈവിക ശുശ്രൂഷ ചെയ്യുവാൻ ലൈസൻസിനു ശ്രമിക്കുകയില്ലെന്നു ഉറപ്പ്, ആരെങ്കിലും പ്രേരിപ്പിക്കപ്പെടുന്നുവെങ്കിൽ അതനുസരിച്ചു ചെയ്യുവാൻ പോകുന്ന ശുശ്രൂഷയുടെ ദേശപരിധിയും, വ്യവസ്ഥകളുടെ പ്രായോഗികതയും ദൈവവചനത്തോടുള്ള യോജ്യതയും പരിഗണിക്കും എന്നു പ്രത്യാശിക്കാം

'സ്വർപ്പൂരമീ കരാറിനു സാക്ഷിനില്ക്കുന്നെൻ മനമേ

.........................................

'ഭാഗ്യനാൾ ഭാഗ്യനാൾ ദൈവം സംയോജിപ്പിച്ച നാൾ'

എന്ന ആശംസാഗീതം മാറ്റിപ്പാടാതിരിക്കാൻ ഇടയാകട്ടെ. ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശത്താലും തുടർന്നുണ്ടായ ഗവണ്മെന്റ് ഉത്തരവിനാലും ദൈവം നിയമങ്ങളെ നമുക്ക് ഇത്രയും അനുകൂലമാക്കിത്തന്നിട്ടും ദൈവിക ശുശ്രൂഷ ചെയ്യുന്നതിന് മാനുഷിക ലൈസൻസ് നേടണമെന്നു ആഹ്വാനം ചെയ്തിരിക്കുന്നത് നിർമ്മലമനസ്സാക്ഷിയോടെ അല്ല എന്നേ പറയാനാകൂ. അതു യെഹൂദ്യയിൽ നിന്നു ചിലർ അപ്പൊസ്തലന്മാരുടെയും മൂപ്പന്മാരുടെയും അറിവോടുകൂടിയല്ലാതെ അന്ത്യോക്യയിൽ ചെന്നു ജാതികളിൽ നിന്നു രക്ഷിക്കപ്പെട്ടു വന്നവർ രക്ഷ പ്രാപിപ്പാൻ മോശെ കല്പിച്ച ആചാരം അനുസരിച്ചു പരിച്ഛേദന ഏല്ക്കണം എന്നു ഉപദേശിച്ചതിനു തുല്യമായി മാത്രമേ കാണാനാകൂ. "ഞങ്ങൾ കല്പന കൊടുക്കാതെ ചിലർ ഞങ്ങളുടെ ഇടയിൽ നിന്നു പുറപ്പെട്ടു നിങ്ങളെ വാക്കുകളാൽ ഭ്രമിപ്പിച്ചു നിങ്ങളുടെ ഹൃദയങ്ങളെ കലക്കിക്കളഞ്ഞു" (അപ്പൊ. 15:1,24). ഇതു വൈദികപ്പട്ടം എന്ന സാമുദായിക രീതിയിലേയ്ക്കു ക്രമേണ വലിച്ചുകൊണ്ട് പോകുന്നതിനുള്ള ഒരു സാത്താന്യ തന്ത്രമാണ്. ദൈവീക കൃപാവരം ഉണ്ടായാലും വൈദികപട്ടം ലഭിച്ചാൽ മാത്രമേ ശുശ്രൂഷകൾ ചെയ്യാൻ പാടുള്ളു എന്ന വേദവിരുദ്ധമായ ആശയത്തെ നമ്മുടെ പിതാക്കന്മാർ പണ്ടേ ഉപേക്ഷിച്ചു തള്ളിക്കളഞ്ഞതാണ്. വീണ്ടും നമ്മെ സമുദായത്തിലേക്കു മടക്കിക്കൊണ്ടു പോകുവാനുള്ള സാത്താന്യതന്ത്രത്തിന്റെ മൂന്നാമത്തെ ചവിട്ടുപടിയാണിത്. ഇതു നാം കണ്ടില്ലെന്നു നടിക്കരുത്. (ഒന്നാമത്തെ ചവിട്ടുപടി BCCF എന്ന സംഘടന, രണ്ടാമത്തേത് 'സ്ഥലം സഭകൾ സൊസൈറ്റീസ് ആക്റ്റു പ്രകാരം രജിസ്റ്റർ ചെയ്തു സംഘടനകളാക്കുക' എന്ന ഉപദേശം).

ഓർക്കുക, വേദബിരുദങ്ങളും ശുശ്രൂഷകൾ ചെയ്യാനുള്ള ലൈസൻസുമൊക്കെ നമുക്ക് പുറമേനിന്ന് സ്വയപ്രയത്നത്താലോ പണം കൊടുത്തോ സമ്പാദിക്കാൻ കഴിഞ്ഞേക്കും. പക്ഷേ ദൈവാലയത്തിലും ദൈവജനത്തിന്റെ മദ്ധ്യത്തിലും ദൈവത്തിനുവേണ്ടി ശുശ്രൂഷ ചെയ്യുവാനുള്ള കൃപാവരം ഒരിക്കലും അങ്ങനെ ലഭിക്കുകയില്ല (അപ്പൊ. 8:20). അതു "മനുഷ്യരിൽ നിന്നല്ല മനുഷ്യനാലുമല്ല യേശുക്രിസ്തുവിനാലും അവനെ മരിച്ചവരുടെ ഇടയിൽനിന്നു ഉയിർപ്പിച്ച പിതാവായ ദൈവത്താലുമത്രേ" ലഭിക്കുന്നത് (ഗലാ. 1:1) (റോമ. 1:6). അങ്ങനെയുള്ളവർ മാത്രമായിരിക്കട്ടെ നമ്മുടെ മദ്ധ്യത്തിലെ ശുശ്രൂഷകർ. അവർ കർത്താവിനുവേണ്ടി നടത്തുന്ന വിവാഹ ശുശ്രൂഷകളുടെ സ്വാധീനശക്തി ദമ്പതികളെ വിവാഹമോചനത്തിലേക്കു നയിക്കാതെ മരണം വേർപെടുത്തുന്നതുവരെയോ കർത്താവിന്റെ വരവുവരെയോ നിലനില്ക്കുവാൻ ഇടയാക്കും. കുടുംബങ്ങളെ മുഴുവൻ (സ്ഥലം സഭകളെ) മുറിച്ചുകളയുവാൻ അല്ലെങ്കിൽ തകർത്തുകളയുവാൻ ഇടയാകുന്ന രീതിയിൽ അരുതാത്തത് ഉപദേശിക്കുന്ന (who subvert whole households teaching things which they ought not) സത്യം വിട്ടകലുന്ന മനുഷ്യരുടെ കല്പനകളെ ശ്രദ്ധിക്കാതെ പത്ഥ്യോപദേശത്തിൽ നിലനില്ക്കുന്നവർ ആകുവാൻ (തീത്തൊ. 1:11,14; 2:1) കർത്താവു നമുക്കു ധാരാളമായ കൃപ നല്കട്ടെ. അവന്റെ വലിയ നാമം വാഴ്ത്തപ്പെടുമാറാകട്ടെ.

*(അവസാനിച്ചു)*



# സ്ത്രീകൾ സഭയിൽ - ഒരു നിശബ്ദ ഭൂരിപക്ഷം - 5

*(തുടർച്ച)*

**പ്രൊഫ. പി.പി. സ്കറിയ**

**മ**ഹാപ്രതിഭയും അഗാധ വേദപണ്ഡിതനും ബ്രദറൺ ഉപദേഷ്ടാവുമായിരുന്ന മഹാകവി കെ.വി. സൈമൺ സഹോദരിമാർ സഭയിൽ പ്രാർത്ഥിക്കുകയും സാക്ഷ്യം പറയുകയും സ്തോത്രം ചെയ്യുകയും ചെയ്യുന്നതിനെ പ്രോത്സാഹിപ്പിച്ചിരുന്നു. ബ്രദർ ടി.എ. കുര്യൻ പ്രസിദ്ധീകരിച്ച സൈമൺ സാറിന്റെ ജീവചരിത്രത്തിന്റെ 267-ാം പേജിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. 'വിയോജിത പ്രസ്ഥാനകാലത്ത് സ്ത്രീകൾക്ക് സഭായോഗങ്ങളിലും ഇതര മീറ്റിംഗുകളിലും സന്ദർഭം പോലെ ശിരസ്സു മൂടിക്കൊണ്ട് സവിനയം സാക്ഷ്യം പറയുന്നതിനും, പ്രാർത്ഥിക്കുന്നതിനും, വചനഭാഗങ്ങൾ വായിക്കുന്നതിനും സ്വാതന്ത്ര്യമുണ്ടായിരുന്നു. ഇതു നിമിത്തം സുവിശേഷ വേലയിലുള്ള ഉത്തരവാദിത്തം സ്ത്രീകൾക്കും ലഭ്യമായിട്ടുണ്ട് എന്ന് ബോധ്യമായി.' ബ്രദറൺ സുവിശേഷകനായിരുന്ന ടി.എ. കുര്യൻ അതേപ്പറ്റി ഇങ്ങനെ പ്രതികരിച്ചിരിക്കുന്നു. 'സ്ത്രീകൾക്ക് വചനത്തിൽ നൽകപ്പെട്ടിരിക്കുന്ന സ്വാതന്ത്ര്യം പരിമിതമാണെങ്കിലും പലരും ഉള്ളതുതന്നെ നൽകിയിരുന്നില്ല.' സൈമൺ സാർ ബ്രദറൺ പ്രസ്ഥാനത്തോടു യോജിച്ച ശേഷം തന്റെ നിലപാടിൽ മാറ്റം വരുത്തിയതായിട്ടുള്ള ഒരു രേഖയും ഞാൻ കണ്ടിട്ടില്ല. സൈമൺ സാറിനെ ഒരു ദുരുപദേഷ്ടാവും ഭോഷനുമായിട്ടു ചിത്രീകരിക്കുന്നതിന് ഇന്നത്തെ ബ്രദറൺകാർ തയ്യാറാവുമെന്ന് തോന്നുന്നില്ല. 'സുവിശേഷ രണാങ്കണത്തിലെ ധീരപോരാളിയും സർവ്വസംഗ പരിത്യാഗിയും സുവിശേഷത്തിലെ നിർമ്മല ഉപദേശങ്ങൾ മുറുകെ പിടിച്ച ആളും സ്ത്രീകൾക്കു സഭയിൽ പരസ്യമായി പ്രാർത്ഥിക്കാനും സാക്ഷ്യം പറയാനും സ്വാതന്ത്ര്യമുണ്ടെന്നും പറഞ്ഞ കെ.വി. സൈമൺ സാറിന്റെ സ്മരണക്കായി താൻ പഠിപ്പിച്ചതിന് വിപരീതമായി എഴുതിയ ഒരു പുസ്തകം സമർപ്പിച്ചു കണ്ടത് അൽപം കൗതുകം ഉണർത്തുന്നതാണ്.

അര നൂറ്റാണ്ടു മുമ്പേ തന്നെ ആദ്യകാല ബ്രദറൺ ഉപദേഷ്ടാക്കന്മാരായിരുന്ന എ.പി. പൈലി, ഇ.പി. വറുഗീസ് തുടങ്ങിയവർ അന്നത്തെ ബ്രദറൺ പ്രസിദ്ധീകരണമായ 'സത്യപ്രകാശിനി'യിൽ സ്ത്രീകൾ സഭയിൽ സജീവ പങ്കു വഹിക്കുന്നതിനെ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള ചില ലേഖനങ്ങൾ എഴുതിയിരുന്നു. 1964ലെ നവംബർ ലക്കം പ്രകാശിനിയിൽ പ്രകാശിനിയുടെ മാനേജരായിരുന്ന പരേതനായ ബ്രദർ എ.പി. പൈലി ഇപ്രകാരം എഴുതി. 'സഭയിലും പുറത്തുള്ള കർത്തൃവേലകളിലും സഹോദരിമാർ വഹിക്കേണ്ട പങ്കിനെക്കുറിച്ച് നാം അധികം ശ്രദ്ധിക്കാറില്ല. സഹോദരിമാരും അവരുടെ അടുക്കൽ വരുന്ന കുട്ടികളുമാകുന്നു ഓരോ സ്ഥലത്തുമുള്ള കൂടിവരവിൽ മൂന്നിൽ രണ്ടു ഭാഗവും പൂർണ്ണ സമയം കർത്തൃവേലയ്ക്കായി വേർപെട്ട്, സ്വന്ത സ്ഥലത്തും (മാതൃസഭയിലും) അയൽസഭകളിലും ശുശ്രൂഷിക്കുന്ന ചില സഹോദരിമാർ പൊതുവെ നമുക്ക് ആവശ്യമായിരിക്കുന്നു. കർതൃവേലയ്ക്കായി കേരളത്തിനകത്തും വെളിയിലും പോയിപ്രവർത്തിക്കുന്ന സഹോദരിമാർ ഉണ്ടായിരുന്നെങ്കിൽ വളരെ പ്രയോജനപ്പെടുമായിരുന്നു.'

ആദ്യകാല ബ്രദറൺ സമൂഹത്തിലെ ഒരു മുന്നണിപ്പോരാളിയും പ്രഗൽഭനായ സുവിശേഷ പ്രഭാഷകനും വിപരീതികളുടെ വായ് അടയ്ക്കുവാൻ അസാധാരണ പ്രാപ്തനും സത്യപ്രകാശിനി മാസികയുടെ പത്രാധിപരും ആയിരുന്ന പരേതനായ ഇ.പി. വറുഗീസ് അവർകൾ 1970 ജനുവരി ലക്കം സത്യപ്രകാശിനിയിൽ സ്ത്രീകളുടെ ശുശ്രൂഷകളെപ്പറ്റിയുള്ള ഒരു പത്രാധിപലേഖനം ഇപ്രകാരം എഴുതിയിരുന്നു. 'റോമൻ കത്തോലിക്കാ സഭയുടെ അസംഖ്യം പ്രവർത്തന രംഗങ്ങളിൽ ഒരു സജീവ ശക്തിയാണ് കന്യാസ്ത്രീകൾ എന്നത് ഒരു വസ്തുതയാണ്. സഹോദരിമാർക്ക് പല കാര്യങ്ങൾ സാധിക്കുമെന്നതിന്റെ അനിഷേധ്യമായ തെളിവാണ് കന്യാസ്ത്രീകൾ. അവരെക്കൊണ്ട് കത്തോലിക്കർ സാധിച്ചുകൊണ്ടിരിക്കുന്നത് എത്ര വലുതായ കാര്യങ്ങളാണ് എന്നന്വേഷിച്ചറിയുമ്പോൾ ആരും അമ്പരന്നുപോകും.

പ്രോട്ടസ്റ്റന്റ് വിഭാഗങ്ങൾക്ക് ഈ ഭാഗത്ത് സംഭവിച്ചിരിക്കുന്ന തോൽവി അത്യധികം ഖേദകരമായിട്ടുള്ളതാണ്. ഈ കാര്യത്തിൽ പെന്തെക്കോസ്തു സഭാവിഭാഗങ്ങൾ താരതമ്യേന ഭേദമാണെന്നു തന്നെ പറയണം. അവരിലെ സഹോദരീവർഗ്ഗം ഇന്ത്യയിലെങ്ങും പ്രശംസനീയമാംവിധം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നാണ് എനിക്ക് മനസ്സിലാക്കുവാൻ സാധിച്ചത്. ചില വശങ്ങളിൽ ദൈവം വെച്ച അതിരുകൾ മറികടന്നു പ്രവർത്തിക്കുന്നതിന്റെ ദോഷഫലങ്ങൾ അവിടവിടെ വെളിപ്പെട്ടിട്ടുണ്ടെന്ന വസ്തുത വിസ്മരിക്കുന്നില്ല. എന്നാൽ യോഗ്യമായ വിധം കൈകാര്യം ചെയ്യുന്ന പക്ഷം വലിയ നേട്ടങ്ങൾ സഹോദരീ വർഗ്ഗത്തെക്കൊണ്ട് സാധിപ്പിക്കാമെന്ന് അവർ ഇതിനകം തെളിയിച്ചിട്ടുണ്ട്.

നന്മക്കായാലും തിന്മക്കായാലും സ്ത്രീകളുടെ സ്വാധീനശക്തി ആർക്കും അവഗണിക്കാവുന്നതല്ല. അവർ അതിനെ നന്മക്കായി ഉപയോഗപ്പെടുത്തുമെങ്കിൽ ഏതൊരു പുരുഷനേക്കാളും കൂടുതൽ നന്മകൾക്ക് മുഖാന്തിരമായിരിക്കുവാൻ അവർക്കു കഴിയുന്നതാണ്. "ഈ വലിയശക്തി വേണ്ടുംവിധം ഉപയോഗപ്പെടുത്താത്തവരുടെ മുന്നണിയിലാണ് ബ്രദറൺകാരുടെ സ്ഥാനം അതിന്റെ ദോഷഫലങ്ങൾ എവിടെ ചെന്നാലും ഏതു കുരുടനും കാണാവുന്നതാണ്."

സ്ത്രീകൾ സഭയിൽ പരസ്യമായി പ്രാർത്ഥിക്കുന്നതിനും സ്തോത്രം ചെയ്യുന്നതിനും അനുകൂലമായി മറ്റു ലേഖനത്തിലും താൻ എഴുതിയിട്ടുണ്ട്. സ്ത്രീകൾക്ക് ഉച്ചത്തിൽ പാട്ടുപാടാൻ സ്വാതന്ത്ര്യമുള്ളപ്പോൾ പ്രാർത്ഥിക്കുന്നതിനെ എതിർക്കുന്നതിന്റെ യുക്തിരാഹിത്യത്തെ അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ജെ.എം. ഡേവീസ് എന്ന സായ്പിന്റെ വരവോടെയാണ് സ്ത്രീകളെ സഭയിൽ നിശ്ശബ്ദരാക്കിയതെന്നാണ് ഇ.പി. എഴുതിയിരിക്കുന്നത്. സായ്പിന്റെ വരവ് ഒതുങ്ങികൂടാൻ താൽപര്യപ്പെടുന്ന നമ്മുടെ സഹോദരിമാർക്ക് ആശ്വാസമായി എന്ന് ഹാസ്യരൂപത്തിൽ താൻ പൂർവ്വകാലസ്മരണയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

❑❑❑



എച്ച്.എ. അയൺസൈഡിന്റെ

വിവർത്തകൻ: ജോർജ്ജ് കുര്യൻ, ഡാളസ്

വെളിപ്പാടു പുസ്തക വ്യാഖ്യാനം-52

# യിസ്രായേൽ അതിന്റെ മഹത്വത്തിൽ

**വെളിപ്പാട് 15:1–8**

ന്യായവിധിയുടെ കാലത്തിന്റെ അന്ത്യത്തിൽ സംഭവിക്കുന്ന കാര്യങ്ങളുടെ ഒരു ചിത്രമാണു ഈ അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഭയാനകമായ അനേക ദൃശ്യങ്ങൾക്കുശേഷം അന്ത്യത്തിൽ എല്ലാം മംഗളമായിത്തീരുന്നു. അനന്തമായ നിത്യത മുഴുവൻ നീതിനിറഞ്ഞു നിൽക്കുന്ന പുതിയാകാശവും പുതിയ ഭൂമിയും കൊണ്ടുവരുന്നതു വരെ ഈ പുസ്തകം അവസാനിക്കുന്നില്ല. ഈ വെളിപ്പാടുകൾ നമുക്കു നൽകിയിരിക്കുന്നത് നമ്മോടുള്ള ദയ നിമിത്തമാണ്. സകലവിധമായ ദുരുപദേശങ്ങളെയും ഒഴിഞ്ഞിരിക്കുവാനുള്ള മുന്നറിയിപ്പും അതു നമുക്കു നൽകുന്നു. ഈ ലോകത്തെ ന്യായം വിധിക്കുവാനായി കർത്താവായ യേശു വേഗം വരുന്നു.

**മഹത്വീകരിക്കപ്പെട്ട സാക്ഷികൾ (വെളി. 15:1–5)**

സീയോൻ മലയിൽ നിൽക്കുന്ന 144000 യിസ്രായേല്യരോടു സ്വർഗ്ഗത്തിൽ നിന്നു പ്രതികരിക്കുന്ന ഒരു കൂട്ടം വിശുദ്ധന്മാരെക്കുറിച്ച് 14–ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. പതിനഞ്ചാം അദ്ധ്യായത്തിൽ ദൃശ്യത്തിനു മാറ്റം വന്നു. സ്വർഗ്ഗത്തിൽ നടക്കുന്ന കാര്യങ്ങളാണ് പ്രവാചകന്റെ ദർശനത്തിൽ ഉണ്ടായത് (15:1–3).

ദൈവത്തിന്റെ വീണകൾ പിടിച്ചുകൊണ്ടു പളുങ്കുകടലിനരികെ നില്ക്കുന്നവർ ഈ യുഗത്തിലെ സഭയല്ല. അവർ പാടിയത് ദൈവത്തിന്റെ ദാസനായ മോശെയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടുമാണ്. അവർ യിസ്രായേല്യരാണ്. ശത്രുക്കളുടെ മേൽ ജയം ലഭിച്ചതിന്റെ ആഘോഷമായി മോശെയുടെ പാട്ടും വീണ്ടെടുക്കപ്പെട്ടതിന്റെ ആഘോഷമായി കുഞ്ഞാടിന്റെ പാട്ടും അവർ പാടുന്നു. മഹോപദ്രവകാലത്ത് കൊല്ലപ്പെട്ട് ഉൽപ്രാപണം പ്രാപിച്ചവരാണവർ. ഒരു പക്ഷേ പതിനൊന്നാം അദ്ധ്യായത്തിലെ രണ്ടു സാക്ഷികളാകാം അവർ. അല്ലെങ്കിൽ അവരെപ്പോലെ കൊല്ലപ്പെട്ട വിശ്വസ്ത സാക്ഷികളാകാം. അവർ മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റ് ദൈവ സിംഹാസനത്തിങ്കലേക്ക് എടുക്കപ്പെടുന്നു. മൂപ്പന്മാരെപ്പോലെ അവരുടെ കൈയ്യിൽ ദൈവത്തിന്റെ വീണകളുണ്ട്. അവർ ആരാധിക്കുന്ന ഒരു കൂട്ടമാണ്.

തീ കലർന്ന പളുങ്കുകടൽ പോലെ ഒന്നാം മൃഗത്തോടും അതിന്റെ പ്രതിമയോടും പേരിന്റെ സംഖ്യയോടും ജയിച്ചവർ ദൈവത്തിന്റെ വീണകൾ പിടിച്ചുകൊണ്ട് പളുങ്കുകടലിനരികെ നില്ക്കുന്നതായി നാം കാണുന്നു. ഈ പളുങ്കുകടൽ സമാഗമനകൂടാരത്തിന്റെ പ്രാകാരത്തിലെ പിച്ചളത്തൊട്ടിയ്ക്കു സമാനമാണ്. ഭൂമിയിൽ ശുദ്ധീകരണത്തിനു ദൈവവചനം ആവശ്യമാണെന്നുള്ളതിന്റെ ഒരു ദൃഷ്ടാന്തമാണത്. സ്വർഗ്ഗത്തിൽ അത് പളുങ്കുകടലാണ്. എന്നെന്നേക്കും ശുദ്ധീകരണം പ്രാപിച്ച് വീണ്ടെടുക്കപ്പെട്ടവർ അവരെ വീണ്ടെടുത്തവനെ അവിടെ നിന്നു കൊണ്ടു സ്തുതിക്കുന്നു. ഈ രക്തസാക്ഷികൾ കടന്നുപോയ കഠിനശോധനയാണ് തീ കലർന്ന പളുങ്കുകടൽ കാണിക്കുന്നത്.

ദൈവത്തിന്റെ നീതിക്കും സത്യത്തിനും രക്ഷാശക്തിയ്ക്കുമായി മഹത്വീകരിക്കപ്പെട്ട ഈ സാക്ഷികൾ അവനെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. അവന്റെ വഴികളുടെ നീതിയും അവന്റെ വിശുദ്ധിയുടെ മഹിമയും അവർ അംഗീകരിക്കുന്നു. ഇതു മൂലം ന്യായവിധി വെളിപ്പെടുമ്പോൾ സകല ജാതികളും വന്നു തിരുസന്നിധിയിൽ നമസ്കരിക്കും. ദൈവകൃപ മൂലമല്ല ജാതികൾ അവന്റെ അധികാരത്തെ അംഗീകരിച്ചു നമസ്ക്കരിക്കുന്നതെന്നു ശ്രദ്ധിക്കുക.

സാക്ഷ്യകൂടാരം യിസ്രായേലിന്റെ ഓർമ്മ നമ്മുടെ മുമ്പിൽ കൊണ്ടുവരുന്നു. ദൈവം തന്റെ ജനമായ യിസ്രായേലിനോടു ചെയ്ത ഉടമ്പടിയുടെ ഫലമാണ് അവരെ പീഡിപ്പിക്കുന്ന ജാതികളുടെ ന്യായവിധി. "അന്നാളിൽ ഞാൻ യെരൂശലേമിനെ സകല ജാതികൾക്കും ഭാരമുള്ള കല്ലാക്കിവെയ്ക്കും. അതിനെ ചുമക്കുന്നവരൊക്കെയും കഠിനമായി മുറിവേൽക്കും ഭൂമിയിലെ സകല ജാതികളും അതിനുവിരോധമായി കൂടി വരും", സെഖ. 12:3. യിസ്രായേലിനെതിരായി വരുന്നവർക്കു ദൈവക്രോധം ഒഴിയാവതല്ല.

**ഏഴു ദൂതന്മാർ (വെളി. 15:6–8)**

ഏഴുദൂതന്മാർ ദൈവക്രോധം പൂർത്തീകരിക്കണം. ജാതികളുടെ മേലുള്ള ദൈവിക ന്യായവിധി തുടങ്ങുന്നതും അവസാനിപ്പിക്കുന്നതും അവരാണ്. തിരുവെഴുത്തിലെ ന്യായവിധികൾ എല്ലാം നിവൃത്തിയാകും. കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്ന് അഗ്നിജ്വാലയിൽ പ്രത്യക്ഷനായി 'നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പ്രതികാരം നൽകുന്നത് ദൈവസന്നിധിയിൽ നീതിയല്ലോ' എന്നു അപ്പൊസ്തലനായ പൗലൊസ് എഴുതി (2 തെസ്സ. 1:6). ഇതു സഭാ കാലയളവിലെ വിശ്വാസികളെ സംബന്ധിച്ചു ശരിയാണെങ്കിൽ യിസ്രായേലിനെ സംബന്ധിച്ചു എത്ര അധികം ശരിയായിരിക്കും. എന്നാൽ ദൈവത്തിന്റെ നീതിയുള്ള ഭരണത്തിൽ, തന്റെ ജനത്തെ നശിപ്പിക്കുവാൻ ശ്രമിക്കുന്നവരുടെ മേൽ ക്രോധം ചൊരിയേണ്ടതാവശ്യമാണ്.

ഏഴു ദൂതന്മാരുടെ ബാധ ഏഴും കഴിയുവോളം ദൈവാലയത്തിൽ കടക്കുവാൻ ആർക്കും കഴിഞ്ഞില്ല. ദൈവത്തിന്റെ തേജസ്സും ശക്തിയും ഹേതുവായി ദൈവാലയം പുകകൊണ്ടുനിറഞ്ഞു എന്നു നാം കാണുന്നു. അടുത്ത സംഭവത്തിനായി സ്വർഗ്ഗം ഇനി ഒരുങ്ങുകയാണ്. ❑❑❑



ജോർജ്ജ് കുര്യൻ



റെജി ഈട്ടിമൂട്ടിൽ

# സുവിശേഷീകരണവും സ്ഥലം സഭയുടെ പങ്കാളിത്തവും

**2. അയക്കുവാനുള്ള സഭയുടെ വൈമുഖ്യത**

ആദിമസഭ സുവിശേഷ പോർക്കളത്തിലേക്ക് അനേകരെ അയക്കുന്നവരായിരുന്നു. പൗലോസിനെയും ബർന്നബാസിനെയും കർത്താവ് തന്റെ വേലക്കായി വിളിച്ചപ്പോൾ, ഉപവസിച്ച് പ്രാർത്ഥിച്ച് അവരുടെ മേൽ കൈവെച്ച് അവരെ പറഞ്ഞയക്കുവാൻ അന്ത്യോക്യാസഭ തയ്യാറായി (അപ്പൊ. പ്ര. 13). അവർക്ക് പിന്നിൽ പ്രാർത്ഥനയും കൂട്ടായ്മയുടെ വലംകരവും ഉണ്ടായിരുന്നു.

എന്നാൽ ഇന്ന് ചില സംഘടനകളിലേക്ക് സുവിശേഷകന്മാരെ അയയ്ക്കുകയും ഫണ്ടകൾക്ക് ഒരു കമന്റേഷൻ ലറ്റർ മുഖാന്തിരം സുവിശേഷകന്മാരെ തീറെഴുതിക്കൊടുത്ത് ഉത്തരവാദിത്വത്തിൽ നിന്നും കൈകഴുകുന്ന പ്രവർണ്ണത തിരുമുമ്പിൽ സഭയ്ക്ക് മാന്യമല്ല. സുവിശേഷീകരണം സഭയുടെ ഉത്തരവാദിത്വമാണ്.

**3. ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കുക**

ദൈവസഭയുടെ മുഖ്യമായ ലക്ഷ്യം സുവിശേഷവൽക്കരണം തന്നെ. ഞങ്ങൾക്കോ ഞങ്ങൾ കണ്ടും കേട്ടുമിരിക്കുന്നത് പ്രസ്താവിക്കാതിരിക്കാൻ കഴിയുന്നതല്ല എന്നതായിരുന്നു സഭയുടെ മുഖമൊഴി. "പിന്നെ അവർ ദിനംപ്രതി ദൈവാലയത്തിലും വീടുതോറും വിടാതെ ഉപദേശിക്കുകയും യേശുവിനെ ക്രിസ്തു എന്ന് സുവിശേഷിക്കുകയും ചെയ്തുകൊണ്ടിരുന്നു" (അപ്പൊ. 5:24)

തമ്പുരാൻ കർത്താവിന്റെ വസ്ത്രം പടയാളികൾ വിഭാജിച്ചെടുത്തതുപോലെ ഇന്ന് സുവിശേഷം പങ്കുവക്കപ്പെട്ടിരിക്കുന്നു. രോഗികൾക്ക്, കുറ്റവാളികൾക്ക്, കുട്ടികൾക്ക്, വിദ്യാർത്ഥികൾക്ക് ചേരിവാസികൾക്ക്, ആദിവാസികൾക്ക് എല്ലാം ഇന്ന് പ്രത്യേക "മിനിസ്ട്രീസ്" ഉണ്ടായിരിക്കുന്നു. സുവിശേഷ രംഗത്ത് പണാഗമനത്തിനുള്ള സൂത്രവാക്യം തന്നെ. തിരുവചനം വിലക്കിയിരുന്നില്ലെങ്കിൽ മരിച്ചവരോടും സുവിശേഷമറിയിക്കുന്ന 'മിനിസ്ട്രി' ഉണ്ടാക്കുമായിരുന്നു. ക്യാമ്പുകളും, ആതുരസേവനവും മറ്റുമായി സഭ തമ്പുരാൻ നൽകിയ മുഖ്യലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ചിരിക്കുന്നു.

**4. ത്യാഗം സഹിക്കുന്നില്ല**

ആദിമ വിശുദ്ധന്മാർ തങ്ങളുടെ വീടും ധനങ്ങളും ജീവനും സുവിശേഷത്തിനായി ബലികഴിച്ചിരുന്നു. എന്റെ പ്രാണനെയും ഞാൻ വിലയേറിയതായി എണ്ണുന്നില്ല എന്ന് പൊലോസ് പ്രസ്താവിച്ചു.

ആദിമസഭ സുവിശേഷത്തിനായി അവരുടെ ചങ്കിലെ ചുടുചോര നൽകിയെങ്കിൽ ആധുനികസഭ അവരുടെ പോക്കറ്റിലെ രണ്ട് കാശ് മാത്രം നൽകുന്നു.

**5. സാക്ഷ്യമില്ലായ്മ**

സുവിശേഷീകരണത്തിന്റെ എല്ലാകാലത്തെയും തടസം സഭയുടെയും സഭാജനങ്ങളുടെയും സാക്ഷ്യം നഷ്ടപ്പെട്ടവസ്ഥയാണ്. "എന്നാൽ നിന്നിലുള്ള വെളിച്ചം ഇരുട്ടായാൽ ഇരുട്ട് എത്ര വലുത്" (മത്താ. 6:23) അനേകം സ്ഥലങ്ങളിലും സുവിശേഷത്തിനുള്ള പ്രതിബന്ധം ഈ ഇരുട്ടുതന്നെ. സുവിശേഷത്തിന് യോഗ്യമായി ജീവിക്കുവാൻ ദൈവജനത്തിന് ഇടയാകണം അടഞ്ഞുകിടക്കുന്ന അനേകം സഭാഹാളുകളും, ശിഥിലമായ നിരവധി കുടുംബനന്ധങ്ങളും, പടലപിണക്കങ്ങളും ക്രിസ്തുവിന്റെ ക്രൂശിന് എന്നും ശത്രുത്വമാണ്.

**ഒരു മാതൃകാ സുവിശേഷ പ്രവർത്തനം**

ഫലകരമായ സുവിശേഷ പ്രവർത്തനശൈലി പൊലോസിന്റേതാണ്. പ്രവർത്തികളുടെ ഗ്രന്ഥത്തിൽ ദൈവാത്മാവ് അത് ലിഖിതമാക്കിയിരിക്കുന്നു.

→ ഒരു പ്രദേശത്തെ കുറിച്ച് ഹൃദയത്തിൽ ദൈവാത്മാവ് ഭാരം നൽകിയാൽ സ്ഥലം സഭയുടെ പിൻബലത്തോടെ സഹ പ്രവർത്തകരുമായി അവിടേക്ക് യാത്രയാകുന്നു

→ വാടകയ്ക്ക് വീടെടുത്തോ പരിചയക്കാരുടെ വീടുകളിലോ താമസിക്കുന്നു. തെസ്സലോനിക്യയിൽ മൂന്നാഴ്ച കൊരിന്തിൽ ഒന്നരവർഷം, എഫെസോസിൽ മൂന്നുവർഷം ഇങ്ങനെ തുടരുന്ന കാല ദൈർഘ്യം

→ വീടുതോറും തെരുവിലും സിനഗോഗുകളിലും ചെറിയവരോടും വലിയവരോടും ക്രിസ്തുവിനെ പ്രസംഗിക്കുന്നു. താല്പര്യമുള്ളവരെ കൂട്ടി ദൈവവചന പഠനക്ലാസുകൾ ആരംഭിക്കുന്നു.

→ ആവശ്യമായി വന്നാൽ തനിക്കും സഹ പ്രവർത്തകർക്കും വേണ്ടി കൂടാര പണി ചെയ്യുന്നു. ആരുടെയും ധനസഹായത്തിനായി കാത്തിരിക്കുന്നില്ല.

→ സഭാസാദ്ധ്യതയുണ്ടായാൽ അവരെ വചനത്തിന്റെ ആദ്യക്ഷരം മുതൽ പഠിപ്പിക്കുന്നു. സഭാജീവിതത്തിൽ അവരെ പരിശീലിപ്പിക്കുന്നു.

→ പ്രതികൂലങ്ങളും എതിർപ്പുകളും ഉണ്ടായാലും ദൈവം ആലോചന നൽകാതെ ആ പ്രദേശം വിട്ടുപോകുന്നില്ല.

→ സഹപ്രവർത്തകരിൽ ചിലരെ ആനുധാവന പ്രവർത്തനങ്ങൾക്കായി അവിടെ ആക്കിയിട്ട് ഒരു പുതിയ സ്ഥലത്തേക്ക് പോകുന്നു. ഈ പുതിയ സഭയെയും അടുത്ത സ്ഥലത്തെ സുവിശേഷ വൃത്തിക്ക് പങ്കെടുക്കുന്നു.

→ ചില നാളുകൾ കഴിയുമ്പോൾ താൻ സ്ഥാപിച്ച സഭകളിലേക്ക് മടങ്ങിചെന്ന് അവരുടെ പോരായ്മകൾ പരിഹരിച്ച്, മൂപ്പന്മാരെ ആക്കിവയ്ക്കുക മുതലായ സഭാ സംവിധാനങ്ങൾ ക്രമീകരിക്കുന്നു.

→ സർവ്വസഭകൾക്കും വിശുദ്ധന്മാർക്കുമായി രാവും പകലും കണ്ണുനീരൊഴുക്കുന്നു.

→ തന്നെ പ്രാർത്ഥിച്ച് അയച്ച സഭയിൽ മടങ്ങിചെന്ന് കർത്താവ് തന്നിലൂടെ ചെയ്തകാര്യങ്ങൾ തിരുനാമ മഹത്വത്തിനായി പങ്കുവയ്ക്കുക.

*(അവസാനിച്ചു)*

# സത്യം ദ്വിഭാഷാ പഠന ബൈബിൾ

കൊറിയയിൽ അച്ചടിച്ച

രണ്ടാം പതിപ്പ്

പ്രസിദ്ധീകരിച്ചു.

ഇംഗ്ലീഷ് ബൈബിളിന്റെ സൗകുമാര്യവും മലയാളം ബൈബിളിന്റെ ആശയ സ്ഫുടതയും സമന്വയിപ്പിച്ച പഠന ബൈബിൾ



ഓരോ പുസ്തകത്തിന്റെയും മഖ്യപാഠക്കുറിപ്പും രൂപരേഖയും
മധ്യഭാഗത്തായി ഒത്തുവാക്യങ്ങൾ മലയാളത്തിൽ
സമ്പൂർണ്ണ കൺകോർഡൻസ് മലയാളത്തിൽ

പഴയ, പുതിയ നിയമങ്ങളുടെ ഇടക്കാല ചരിത്രം
ബൈബിൾ ചരിത്രം, ചിത്രങ്ങൾ, മാപ്പുകൾ
ബൈബിളിന്റെ കാലാനുക്രമ ചരിത്രം
എബ്രായ, ഗ്രീക്ക് വാക്കുകളും അർത്ഥവും

വില ₹ 1500/-

തപാലിൽ ബുക്കുചെയ്യുന്നവർ M.O./D.D. ആയി സത്യം പബ്ലിക്കേഷൻസ്, തിരുവല്ല എന്ന പേരിൽ മാറാവുന്ന വിധത്തിൽ താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക. പുസ്തകം തപാലിൽ ലഭിക്കണമെങ്കിൽ 100 രൂപ പോസ്റ്റൽ ചാർജ്ജ് നൽകണം

SATHYAM PUBLICATIONS

Thottabhagom P.O., Thiruvalla - 689 541,
Kerala, India
Phone: 0469 - 2619657, 2619209 Fax: 0469 - 2619005
Mobile: 9447126182, 9446026182
Email: sales@truthintl.org, Web: www.sathyam.org,
www.facebook.com/sathyam.india

SLS

23 Years in Literature Ministry



# സത്യം പബ്ലിക്കേഷൻസ് മലയാളം ഡേക്സ് ബൈബിൾ (രണ്ടാം പതിപ്പ്)

## ഏറ്റവും വലിയ റഫറൻസ് ബൈബിൾ



മുഖവില 2500/-



3000 ൽ അധികം പേജുകൾ
റക്സിൻ ഡീലക്സ് ബൈൻഡിംഗ്
35,000 കണ്ട്രി കുറിപ്പുകൾ
പുരാതന സംസ്കാരങ്ങളുടെ വിശദീകരണം
അത്യുലക്ഷം റഫറൻസുകൾ
എണ്ണായിരം പ്രസംഗക്കുറിപ്പുകൾ
ഒരു ലക്ഷത്തിൽപരം കൺകോർഡൻസ്
എബ്രായ ഗ്രീക്കു പദങ്ങളുടെ അർത്ഥ വ്യാഖ്യാനങ്ങൾ
size: 25.5X18 C.M. A4

പ്രീ പബ്ലിക്കേഷൻ സൗജന്യം

മുഖവില ₹ 1500/-
പ്രീ-പബ്ലിക്കേഷൻ വില ₹ 1500/-

M.O./ D.D.
Sathyam Literature Service, Thiruvalla
City Union Bank
A/c 0961200000095340

SATHYAM PUBLICATIONS
AKSHARAKHANI

Thottabhagom P.O., Thiruvalla - 689 541,
Kerala, India
Phone: 0469 - 2619657, 2619209, 0469 - 2619005
Toll Free: # 1-800-425-1211
Mobile: 9447126182, 9446026182
Email: sales@truthintl.org Web: www.sathyam.org,
www.facebook.com/sathyam.india

SLS

23 Years in Literature Ministry

# SALE

# SATHYAM PUBLICATIONS

*Souls Through God's Word*

# Christmas Book Fair 2011



Books can make you grow

## Up to 70% discount

* Many varieties of Bible * Dake's Annotated Reference Bible * Bilingual Study Bible * Bible Commentaries * Reference books * Biographies * 400 different versions of the Bible * Spiritual hymns * CDs and DVDs

***New book load has arrived from USA***

*Venue:* **Aksharakhani,**

***Sathya koodaram, Thottabhagom***

For more details: *+91 9446026182, 9447126182*

**SATHYAM PUBLICATIONS**

Thottabhagom P.O.

Thiruvalla - 689 541, Kerala, India.

Tel/Fax: 0469 - 2619657, 2619209, 2619005

**Toll free 1800 425 1211**

**CALL A BOOK 0469 2619657**

Email: sales@truthintl.org

**www.sathyam.org**

# ബ്രദറൺ സഭാ വാർത്തകൾ

## കുമളി മത്തായിസാർ നിത്യതയിൽ




**കുമളി:** ഹൈറേഞ്ചിലെ ആദ്യകാല വിശ്വാസികളിൽ ഒരാളും കുമളി ബ്രദറൺ സഭകളുടെ മൂപ്പനുമായിരുന്ന കെ.വി. മത്തായി (കുമളി മത്തായി സാർ) ഡിസംബർ 11-ാം തീയതി താൻ പ്രിയം വച്ച കർത്തൃസന്നിധിയിൽ പ്രവേശിച്ചു. തിരുവല്ല ആലം തുരുത്തി കുന്നംപള്ളി പറമ്പിൽ കുടുംബാംഗമായ മത്തായി സാർ 1956-ൽ ഗവ. ജോലിയോടു ബന്ധപ്പെട്ടാണ് ഹൈറേഞ്ചിൽ എത്തിയത്. 1960 അമ്പലത്തുങ്കൽ വീട്ടിൽ എലിയാമ്മ (സ്കൂൾ ടീച്ചർ)യെ വിവാഹം കഴിച്ചു.

കുമളിയിൽ ബ്രദറൺ കൂടിവരവിനായി മുൻനിരയിൽ നിന്നു പ്രവർത്തിച്ചു. ഹൈറേഞ്ചിലെ വൈ.എം.ഇ.എഫിലും മറ്റ് ആത്മീയ പ്രവർത്തനങ്ങളിലും ഒരു കാലത്ത് പ്രിയ ദൈവദാസൻ നിറസാന്നിധ്യമായിരുന്നു. കുമളി ബ്രദറൺ സഭയുടെ വളർച്ചയ്ക്കും നിലനിൽപ്പിനും താൻ വഹിച്ച പങ്ക് സ്തുത്യർഹമാണ്.

ഡിസംബർ 14-ാം തീയതി ബുധനാഴ്ച ഭവനാങ്കണത്തിൽ നടന്ന സംസ്കാര ശുശ്രൂഷയിൽ സമൂഹത്തിന്റെ രാഷ്ട്രീയ സാമൂഹ്യ ആത്മീക തലത്തിൽപ്പെട്ട നൂറുകണക്കിന് ആളുകൾ പങ്കെടുത്തു. അനേകം ദൈവമക്കളുടെയും സുവിശേഷകന്മാരുടെയും സാന്നിധ്യത്തിൽ നടന്ന ശുശ്രൂഷയിൽ കർത്തൃദാസന്മാരായ ചാണ്ടപ്പിള്ള ഫിലിപ്പ്, എം.വി. ബാബു, വർഗീസ് കുര്യൻ പാമ്പാടി, കെ.കെ. സന്തോഷ് കുമാർ, കുഞ്ഞുമോൻ തോട്ടപ്പള്ളി, കെ.സി. മാത്യു എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നല്കി. ഉച്ചയോടെ കുമളി ബ്രദറൺ സെമിത്തേരിയിൽ ഭൗതീക ശരീരം സംസ്കരിച്ചു. ഭാര്യ: ഏലിയാമ്മ മത്തായി. മക്കൾ: മേഴ്സി, സനൽ, മിനി, റീന, ലവിൻ. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങൾക്കായി പ്രാർത്ഥിച്ചാലും.

## നിര്യാതരായി




**കോയിപ്രം:** മാലക്കര തെങ്ങിൽ തോമസ് ജോസഫിന്റെ (കുഞ്ഞുമോൻ) ഭാര്യ ലീലാമ്മ തോമസ് (61) നിര്യാതയായി. കോയിപ്രം എബനേസർ ബ്രദറൺ അസംബ്ലി സഭാ സെമിത്തേരിയിൽ സംസ്കാരം നടത്തി. മക്കൾ: ജിനു, ജിൻസി, പ്രിൻസി. മരുമക്കൾ: റൂബി, ഷോൺ, സാം. ദുഃഖാർത്തരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.


**കോയമ്പത്തൂർ:** ഇവാ. ജയലാൽ തോമസ് (55) കർത്താവിൽ നിദ്രപ്രാപിച്ചു. പരേതൻ കർത്തൃസന്നിധിയിൽ വിശ്രമിക്കുന്ന ഇവാ. കെ.ജി. കുര്യന്റെ മരുമകനും, പ്രശസ്ത സുവിശേഷകനായ ജോൺ കുര്യന്റെ (കോട്ടയം) സഹോദരീ ഭർത്താവുമാണ്. ഭാര്യ: ലിസ്സി. ദുഃഖാർത്തരായ കുടുംബാംഗങ്ങളെ ഓർത്ത് ദൈവജനം ആത്മാർത്ഥമായി പ്രാർത്ഥിക്കുക



**കുറിയന്നൂർ:** താന്നിക്കപ്പുറത്തൂട്ട് പരേതനായ ടി.സി. മാത്യുവിന്റെ ഭാര്യ തങ്കമ്മ (86) നിര്യാതയായി. ബ്രദറൺ സഭാ ഹാളിലെ ശുശ്രൂഷയ്ക്കു ശേഷം സഭാ സെമിത്തേരിയിൽ സംസ്കാരം നടത്തി. മക്കൾ: ബെറ്റി (കടമ്മനിട്ട), ജോയി (ബഹ്റൈൻ). മരുമക്കൾ: സി.എസ്. സാമുവേൽ (കടമ്മനിട്ട), സൂസൻ (നൂറനാട്), പരേതനായ ജോണി, ജയ്മോൾ (അടിവാരം).



**മുണ്ടുകോട്ടയ്ക്കൽ:** തെക്കേമണ്ണിൽ നിര്യാതനായ പി.റ്റി. ജോസഫിന്റെ (79) മൃതദേഹം (22-12-2011, വ്യാഴാഴ്ച) 10 മണിക്ക് മുണ്ടുകോട്ടയ്ക്കൽ ബ്രദറൺ സഭാ ഹാളിൽ ശുശ്രൂഷ ആരംഭിച്ച് സഭാ സെമിത്തേരിയിൽ സംസ്കാരം നടത്തി. ഭാര്യ: സാറാമ്മ ജോസഫ്. മക്കൾ: പരേതനായ ജോൺ, മേരിക്കുട്ടി, തോമസ്, സാറാമ്മ. മരുമക്കൾ: ലീലാമ്മ, ശോഭ, തോമസ് മാത്യു (ബഹ്റൈൻ), പരേതനായ സി.ജി. തോമസ്.




**പൂവത്തൂർ:** കാറ്റാടിയിൽ കെ.സി. ജോസഫിന്റെ മകൻ കെ.ജെ. ജോസഫ് (49) നിര്യാതനായി. സംസ്കാരം രഹബോത്ത് ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ നടത്തി. ഭാര്യ: ജോളി. മക്കൾ: ജോസഫ്, ബഞ്ചമിൻ, ജിൻസി, മെറീന.


**തിരുവല്ല:** ആലംതുരുത്തി കുന്നംപള്ളിൽ പറമ്പിൽ കെ.വി. മത്തായി (പാപ്പച്ചൻ-80) നിര്യാതനായി. സംസ്കാരം തേക്കടി ബ്രദറൺ സഭാ സെമിത്തേരിയിൽ വച്ച് നടത്തി. ഭാര്യ: അമ്പലത്തിങ്കൽ ഏലിയാമ്മ. മക്കൾ: മേഴ്സി, സനൽ, മിനി, റീന. മരുമക്കൾ: ജോസഫ് ജോൺ, ബ്ലസി, ജോർജ് കുരുവിള, തോമസ്.

**ചുഴന:** ഉന്നത്താനി തൈപ്പറമ്പിൽ സാമുവൽ (88) നിര്യാതനായി. സംസ്കാരം സിയോൻ ബ്രദറൺ സഭാ സെമിത്തേരിയിൽ വച്ച് നടത്തി. ഭാര്യ: പരേതയായ തങ്കമ്മ. മക്കൾ: അമ്മിണി, ഫിലിപ്പ്, മോളി, മണി. മരുമക്കൾ: ഏലിയാമ്മ, സുന്ദരൻ, ബാബു, പരേതനായ കരുണാകരൻ.

**എഴുമറ്റൂർ:** മേത്താനത്ത് മതുക്കൽ കാലായിൽ പരേതനായ ചാക്കോയുടെ ഭാര്യ മറിയാമ്മ (70) നിര്യാതയായി. സംസ്കാരം ബ്രദറൺ സഭാ സെമിത്തേരിയിൽ നടത്തി. മക്കൾ: കുഞ്ഞുകുട്ടി, പൊന്നമ്മ, സാബു, ഓമന, മോഹനൻ. മരുമക്കൾ: രാജമ്മ, മാത്തുക്കുട്ടി, കുഞ്ഞുമോൾ, മണിക്കുട്ടൻ, ശ്യാമള. ദുഃഖാർത്തരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**മൈലപ്ര:** മണ്ണാറകുളഞ്ഞി ബ്രദറൺ അസംബ്ലി സഭയിലെ ശുശ്രൂഷകൻ പനമൂട്ടിൽ പി.ഇ. എബ്രഹാം (85) നിര്യാതനായി. മക്കൾ: ഇവാ. ഇടിക്കുള എബ്രഹാം (ബേബിക്കുട്ടി) (മുംബൈ), ജോർജ്. പി.എബ്രഹാം (ഷാർജ), സാംകുട്ടി പി.എ. (ഷാർജ), തോമസ് എബ്രഹാം (കുവൈറ്റ്), കുഞ്ഞമ്മ (മുംബൈ), കുഞ്ഞമ്മ (ഷാർജ), തങ്കമ്മ, ലില്ലി.



**പുറമറ്റം:** മുണ്ടമല എലിമുള്ളിൽ പുത്തൻപുരയ്ക്കൽ പി.എം. ജോർജ് (ജോർജ്കുട്ടി-89) നിര്യാതനായി. സംസ്കാരം കവുങ്ങുംപ്രയാർ ബ്രദറൺ സഭാ സെമിത്തേരിയിൽ വച്ച് നടത്തി. ചുമത്രവേലിൽ കുടുംബാംഗമായ പരേതൻ കോഫീ ബോർഡിൽ റിട്ട. ചീഫ് ഇൻസ്പെക്ടറായിരുന്നു. ഭാര്യ: പരേതയായ പൊന്നമ്മ (റാന്നി കുമ്പനാട്ട് കുടുംബാംഗം). മക്കൾ: മോളി, ആനി, സാലി, മാത്തുക്കുട്ടി. മരുമക്കൾ: ജോയി, ജോയി, വാവച്ചൻ, സൂസൻ.

**തൃശൂർ:** നെല്ലിക്കുന്ന് സീയോൻ ബ്രദറൺ അസംബ്ലി സഭാംഗമായ അഞ്ചേരി, ഹിൽ ഗാർഡൻസ് ഇലയച്ചാട്ടിൽ ഇ.ജെ. കുരിയപ്പന്റെ ഭാര്യ ചിന്നമ്മ കുരിയപ്പൻ (76) നിര്യാതയായി. സംസ്കാരം നടത്തി. മക്കൾ: പോൾ, ബാബു മാത്യു, സന്തോഷ് ഇ.കെ., ജെമി, നിൽഡാ, ബാബു (കോയമ്പത്തൂർ).

**തൃശ്ശൂർ:** ഈസ്റ്റ് ഫോർട്ട് ബ്രദറൺ അസംബ്ലി സഭാംഗമായിരുന്ന സഹോ. എം.വി. ജോസ് (61) നിര്യാതനായി. സംസ്കാരം തെങ്ങോട് ബ്രദറൺ ചർച്ച് സെമിത്തേരിയിൽ വച്ച് നടത്തി. ഭാര്യ: ബെറ്റി ജോസ്. മക്കൾ: ലിബി (ന്യൂസിലാന്റ്), വിൽസൺ (ന്യൂസിലാന്റ്), ലിജി, സാംരാജ്, വിജോ (ന്യൂസിലാന്റ്), റിയ (ന്യൂസിലാന്റ്). ദുഃഖത്തിലായിരിക്കുന്ന ഭവനാംഗങ്ങൾക്കായി ദൈവജനം പ്രാർത്ഥിക്കുക.

## അഭ്യർത്ഥന

**ഫരിദാബാദ്:** ഇവാ. എഡ്വിൻ പോളിന്റെ മകൻ നാലു വയസ്സുള്ള കെന്നത്ത് പോൾ ശരീരം മുഴുവൻ നീരു വന്ന് ഡൽഹി ബാലാജി ആശുപത്രിയിൽ ഐ.സി.യു.വിൽ അഡ്മിറ്റാണ്. കഴിഞ്ഞ 3 വർഷമായി ഈ കുഞ്ഞിന്റെ കിഡ്നി ശരിയായ വിധത്തിൽ പ്രവർത്തിക്കുന്നില്ല. ശ്വാസതടസ്സവും ഉണ്ട്. മൂന്നു വർഷമായി പലവിധമായ മരുന്നുകൾ ഉപയോഗിച്ചതിനോട് ശരീരം ശരിയായ വിധം യോജിക്കാതെ പ്രതികരിക്കുകയാണ്. കഴിഞ്ഞ നാലു മാസമായി കുഞ്ഞിന്റെ മൂത്രത്തിലെ ആൽബുമിന്റെ അളവ് 4+ ആണ്. സാധാരണയായി ഉപയോഗിക്കുന്ന മരുന്നുകൾക്കെതിരെ ശരീരം പ്രതികരിക്കുന്നതുകൊണ്ട് വിലകൂടിയ മരുന്നുകൾ നല്കണം. ദൈവമക്കൾ ഈ കുഞ്ഞിന്റെ രണ്ടു വൃക്കകളും പ്രവർത്തനനിരതമാകുന്നതിനായി പ്രാർത്ഥിക്കണമേ. ഈ കുഞ്ഞിനുള്ള ചികിത്സാ ചെലവ് ദൈവദാസന്റെ കഴിവിനപ്പുറത്താണ്. കെന്നത്ത് മോന്റെ ചികിത്സാചെലവിനായി സഹായിക്കുവാൻ താത്പര്യമുള്ളവർ താഴെ കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്കോ താഴെ കാണുന്ന അഡ്രസ്സിലോ ബന്ധപ്പെട്ടാലും.

**Bank Account Details**
Edwin Paul
Federal Bank Ltd
Faridabad Branch
A/c No: 13810100080750
IFSCODE: 0001381

**Address**
Eva. Edwin Paul
Flat No. 8, C-4/A
Sector 11
Faridabad
Haryana - 121007
Email:edwinrestina@gmail.com
Mob: 09899017113

## പ്രാർത്ഥനയ്ക്ക്

**ബീഹാർ:** പാറ്റ്നയിൽ പ്രവൃത്തിച്ചുകൊണ്ടിരിക്കുന്ന സുവിശേഷകൻ ജോസഫ് എം. പീറ്ററിന്റെ നാലു വയസ്സുള്ള മകൾ മാരകമായ അസുഖത്താൽ വെല്ലൂർ ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്നു. ദൈവമക്കളുടെ പ്രാർത്ഥന ആവശ്യമാണ്.

**കുവൈറ്റ്:** കുവൈറ്റ് ബ്രദറൺ ബിലിവേഴ്സ് അസംബ്ലി സഭാംഗമായ ബ്രദർ ചാക്കോ. പി.സി (കുഞ്ഞുമോൻ) നിയന്ത്രിക്കാനാകാത്ത രക്ത സമ്മർദ്ദത്താൽ ആശുപത്രിയിൽ ആയിരിക്കുന്നു. സഹോദരന്റെ പൂർണസൗഖ്യത്തിനായി ദൈവജനം പ്രാർത്ഥിക്കുക.

**സൗദി അറേബിയ:** സഹോ. സന്തോഷ്, ഉഷാ ദമ്പതികളുടെ മകൻ 10 വയസുള്ള കെവിൻ ജന്മനാ ഹൃദയസംബന്ധമായ പ്രശ്നമുണ്ടായിരുന്നു. ഡോക്ടർമാർ കുഞ്ഞിന് ഹൃദയശസ്ത്രക്രിയക്കായി നിർദ്ദേശിച്ചിരിക്കുന്നു. ഈ കുഞ്ഞിന്റെ പൂർണവിടുതലിനായി ദൈവജനം പ്രാർത്ഥിക്കുക.

**ഹരിയാന:** ഹരിയാന, ഹിസാർ ബ്രദറൺ സഭാംഗമായ സഹോദരി പൂജാ ക്യാൻസറിന്റെ അസുഖത്താൽ ഭാരപ്പെടുന്നു. ദൈവമക്കളുടെ പ്രാർത്ഥനയെ ചോദിച്ചിരിക്കുന്നു.

**അങ്കമാലി:** സുവിശേഷകൻ എം.എ. പൗലൊസിന്റെ മകൻ ആന്റോ പൗലൊസ് കഠിനമായ രോഗത്താൽ ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്നു. ദൈവജനത്തിന്റെ പ്രാർത്ഥന ആവശ്യപ്പെടുന്നു.

**കായംകുളം:** പള്ളിപ്പാട് ബ്രദറൺ സഭാംഗമായ സഹോ. സാബു CMC വെല്ലൂർ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ദൈവജനം പ്രാർത്ഥിക്കുവാൻ അപേക്ഷിക്കുന്നു.

ഭാഷ്യം

# സങ്കീർത്തനം 22

(തുടർച്ച)

ഡോ. സി.വി. വടവന

**വാ. 9–10** *''നീയല്ലോ എന്നെ ഉദരത്തിൽനിന്നു പുറപ്പെടുവിച്ചവൻ; ..... നീ എന്റെ ദൈവം.''* ഗർഭം മുതൽ ദൈവവും മശിഹായുമായുള്ള പിതൃപുത്രബന്ധം ഈ വാക്യങ്ങൾ വെളിപ്പെടുത്തുന്നു (വാ. 9–10. ഒ. നോ. യെശ. 50:4–6; ലൂക്കൊ. 2:40, 52). ക്രിസ്തുവിന്റെ മനുഷ്യത്വം – ദൈവം ദേഹരൂപമായി വെളിപ്പെട്ടത് – അവ വ്യക്തമാക്കുന്നു (യെശ. 7:14; മത്താ. 1:23; ലൂക്കൊ. 1:32–35; 2:40–52; യോഹ. 1:1–2, 14; റോമ. 1:1–2; 8:3; 9:5; ഗലാ. 4:4; 1 തിമൊ. 3:16). അമ്മയുടെ മുലകുടിക്കുന്ന തന്റെ ശൈശവ കാലത്ത് തന്നെ നിർഭയം വസിക്കുമാറാക്കിയ ദൈവം ഇപ്പോഴത്തെ തന്റെ ശോധനയിൽ വിടുതൽ നൽകാതിരിക്കുമോ? ഇതാണ് തന്റെ ന്യായം.

**വാ. 11–14** *''കഷ്ടം അടുത്തിരിക്കുകയാൽ ..... നടുവെ ഉരുകിയിരിക്കുന്നു.''* തന്റെ പ്രവൃത്തിയിൽ താൻ ഏകനായിരുന്നു എന്ന് വെളിപ്പെടുത്തുന്നു. വാ. 11–21 വരെ നമ്മുടെ കർത്താവിന്റെ നിലവിളിയും പ്രാർത്ഥനയും തുടരുകയാണ്. ദൈവം തന്നെ കൈവിട്ടെങ്കിലും അടുത്തിരിക്കണമെന്ന് അപേക്ഷിക്കുകയാണ്. ഏറ്റവും വലുപ്പവും തടിച്ച ശരീരവുമുള്ള കാളകളെ വളർത്തിയിരുന്ന, യോർദ്ദാനു കിഴക്കുള്ള ഒരു പ്രദേശമാണ് ബാശാൻ. മശിഹായെ തകർക്കുവാൻ ഉറച്ചിരുന്ന യിസ്രായേൽ ഭരണാധികാരികളെയാണ് ബാശാൻ കൂറ്റന്മാർ ചിത്രീകരിക്കുന്നത് (മത്താ. 27:1–66; അ. പ്ര. 2:36; 3:13–18; 4:10, 27). ഈ സങ്കീർത്തനത്തിൽ ക്രിസ്തു അവരുടെ മദ്ധ്യത്തിൽ ഏകനായി നിലകൊള്ളുകയാണ്. ക്രിസ്തു എന്ന് കുഞ്ഞാടിനെതിരായി അനേക ദുഷ്ടമൃഗങ്ങൾ അണിനിരത്തിയിരുന്നതായി ചിത്രീകരിച്ചിരിക്കുന്നു.

വിശപ്പോടെ ഇരയ്ക്കായി അലറുന്ന സിംഹത്തെപ്പോലെ അവർ എന്റെ നേരെ വായ് പിളർക്കുന്നു (വാ. 13). മാംസഭുക്കുകളായ ദുഷ്ടമൃഗങ്ങളെപ്പോലെ അവർ ദൈവകുഞ്ഞാടിനു നേരെ വായ്പിളർന്നു (ഇയ്യോ. 16:10; സങ്കീ. 35:21; വിലാ. 2:16; 3:46).

കൈകാലുകളിൽ തറച്ചിരിക്കുന്ന ആണികളിൽ തൂങ്ങിക്കിടക്കുന്ന യേശുവിന്റെ ബലഹീനമായ, ജീവനറ്റ ശരീരത്തിന്റെ സ്ഥിതി സ്വാഭാവികമായും ഇതായിരിക്കും (വാ. 14, 16; യോഹ. 20:25; കൊലൊ. 2:14). അസ്ഥികളെല്ലാം ബന്ധം വിട്ടു (ദാനീ. 5:6). കുരിശ് ഭൂമിയിൽ ഇറക്കുമ്പോഴുണ്ടാകുന്ന പ്രകമ്പനം മൂലം ക്രൂശിതന്റെ അസ്ഥികൾ ബന്ധം വിടുകയും അവയ്ക്ക് സ്ഥാനഭ്രംശം സംഭവിക്കുകയും ചെയ്യും.

അത്യധികമായ ദൗർബ്ബല്യം തീവ്രമായ വേദനമൂലം തീയിൽ ഉരുകിയമെഴുകുപോലെ അവൻ ആയി. അത്യുന്നതന്റെ ക്രോധാഗ്നിയിൽ നാം ഉരുകിപ്പോകാതിരിക്കുവാൻ അവൻ ഉരുകി.

**വാ. 15–16** *"എന്റെ ശക്തി ഓട്ടുകഷണം പോലെ ഉണങ്ങിയിരിക്കുന്നു; ..... കാലുകളെയും തുളച്ചു."* മനുഷ്യവർഗ്ഗത്തിനായി മശിഹാ തന്റെ ജീവൻ നല്കുന്നതിനെ ഇതു പരാമർശിക്കുന്നു (വാ. 15). അവനു സംസാരിക്കുവാൻ പോലും കഴിവില്ലാതവണ്ണം അവന്റെ വായ് വല്ലാതെ ഉണങ്ങിവരണ്ടു (വാ. 15; യോഹ. 19:28). യേശുവിന്റെ ശരീരം ജീർണിച്ചു എന്ന് ഇതിനർത്ഥമില്ല, കാരണം അങ്ങനെ സംഭവിച്ചില്ല (16:10); എന്നാൽ അവൻ മരണത്തിൽ അകപ്പെടുകയും ദൈവം ജീവശ്വാസം ഊതുന്നതിനു മുമ്പുള്ള ആദാമിന്റെ അവസ്ഥയിൽ അവന്റെ ശരീരം ആകുകയും ചെയ്തു (ഉല്പ. 2:7).

ക്രിസ്തുവിനെ വളഞ്ഞു നിന്ന് ക്രൂശിക്കുന്നതിനേൽപിച്ച ജാതികളെയാണ് നായ്ക്കൾ എന്ന് ഇവിടെ സൂചിപ്പിക്കുന്നത് (വാ. 16; മത്താ. 15:26–27; 20:19; അ. പ്ര. 4:27). മത്താ. 27:20, 24; അ. പ്ര. 2:36; 4:27. മത്താ. 27:35; യോഹ. 19:37; 20:20–25. കൈകളെയും കാലുകളെയും തുളച്ചു എന്നത് ഒരു നിലയിലും ദാവീദിനെ സംബന്ധിക്കുന്നതല്ല. ഒരിക്കൽ ക്രൂശിക്കപ്പെട്ടവനും പുനരുത്ഥാനം ചെയ്ത് മഹത്ത്വധാരിയായി പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നവനുമായ നസറായനായ യേശുവിനെ മാത്രം സൂചിപ്പിക്കുന്ന ഒന്നാണിത്.

**വാ. 17–18** *"എന്റെ അസ്ഥികളൊക്കെയും എനിക്കു എണ്ണാം; ..... അവർ ചീട്ടിടുന്നു."* യേശുവിന്റെ ശരീരം രൂപമെല്ലാം നഷ്ടപ്പെട്ട്, ദുർബലമായി, കൈകാലുകളിൽ അടിക്കപ്പെട്ടിരുന്ന ആണികളിൽ തൂങ്ങിക്കിടക്കുകയായിരുന്നു. ഈ വിവരണങ്ങളിൽ ഉള്ളതുമുഴുവൻ ക്രൂശീകരണത്തിൽ സംഭവിച്ചതാകുന്നു. പു. നി. ൽ ഉദ്ധരിച്ചിരിക്കുന്ന സങ്കീ. 22 ലെ 5 വാക്യങ്ങൾ ശ്രദ്ധിക്കുക:

(1) എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്? (വാ. 1; മത്താ. 27:46; മർക്കൊ. 15:34). (2) യഹോവയിങ്കൽ നിന്നെത്തന്നെ സമർപ്പിക്കുക; അവൻ അവനെ വിടുവിക്കട്ടെ (വാ. 8; മത്താ. 27:43; മർക്കൊ. 15:29; ലൂക്കൊ. 23:35) (3) അവർ എന്റെ കൈകളെയും കാലുകളെയും തുളച്ചു (വാ. 16; യോഹ. 19:37) (4) എന്റെ വസ്ത്രം അവർ പകുത്തെടുത്തു (വാ. 18; മത്താ. 27:35; മർക്കൊ. 15:24; ലൂക്കൊ. 23:34; യോഹ. 19:27) (5) ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോടു കീർത്തിക്കും (വാ. 22; എബ്രാ. 2:12). വധിക്കപ്പെടുന്നവന്റെ വസ്ത്രങ്ങൾ വധശിക്ഷ നടത്തുന്നവർക്കുള്ള അവകാശമായിരുന്നു. പക്ഷേ അങ്കിയ്ക്കായി ചീട്ടിടുന്ന പതിവ് ഇല്ലായിരുന്നു. എന്നാൽ നസറായനായവനെ സംബന്ധിച്ച് അങ്ങനെ സംഭവിക്കുമെന്ന് ദാവീദ് മുൻകൂട്ടി കാണുകയാണ്.

**വാ. 19–21** *"നീയോ, യഹോവേ, അകന്നിരിക്കരുതേ; ..... നീ എനിക്കു ഉത്തരമരുളുന്നു."* അവൻ മുമ്പ് പ്രാർത്ഥിച്ച പ്രാർത്ഥന ഇവിടെ ആവർത്തിക്കുകയാണ്. തന്റെ ഏറ്റവും താഴ്ന്ന അവസ്ഥയിലും, അവന് വേണ്ടത് തന്റെ ദൈവത്തെയല്ലാതെ മറ്റൊന്നുമല്ല. ദൈവത്തിന്റെ സുഖദായകമായ ഏറ്റവും അടുത്ത സാന്നിദ്ധ്യം വേണമെന്ന് താൻ ശഠിക്കുന്നില്ല. കുറഞ്ഞപക്ഷം ദൈവം അവനിൽ നിന്നും അകലത്തല്ലാതിരുന്നതിനാൽ, താൻ സംതൃപ്തനായി, തന്റെ സഹായത്തിനായി വേഗം വരേണമേ എന്ന് അവൻ വിനയപൂർവ്വം അപേക്ഷിക്കുകയാണ്. അവന്റെ ബലഹീനതയുടെ ഏറ്റവും മൂർദ്ധന്യാവസ്ഥയിലും, കർത്താവ് ദൈവത്തെ തന്റെ ബലമായി കാണുന്നു.

ജീവൻ എന്ന വാക്കിന് ഇവിടെ (വാ. 20) ഉപയോഗിച്ചിരിക്കുന്ന എബ്രായ പദം 'യാഹീദ്' എന്നതാണ്. ഇതേ വാക്യത്തിൽ തൊട്ടുമുൻപ് പ്രാണൻ എന്നു പറഞ്ഞിരിക്കുന്നതു തന്നെയാണ് ജീവൻ എന്നും ഇവിടെ പരാമർശിക്കപ്പെട്ടിരിക്കുന്നത്. ഇതേ ആശയത്തിൽ തന്നെ സങ്കീ. 35:17 ലും ഉപയോഗിച്ചിരിക്കുന്നു. ഇവിടെ നായ് എന്നു പറഞ്ഞിരിക്കുന്നതിന് വാ. 16 ലെ അർത്ഥം തന്നെയാണുള്ളത്. അവിടെ നായ്ക്കൾ എന്ന് ജാതികളെ സൂചിപ്പിക്കുമ്പോൾ ഇവിടെ ഏക വചനത്തിൽ ക്രിസ്തുവിന്റെ ജീവനെ മരണത്തിൽ നിന്നു വിടുവിക്കുവാനോ ക്രൂശിക്കുവാനോ അധികാരമുള്ള റോമൻ ഗവർണർ പീലാത്തോസിനെ സൂചിപ്പിക്കുന്നു. സങ്കീ. 35:17 ൽ ''... എന്റെ പ്രാണനെയും ബാലസിംഹങ്ങളുടെ വശത്തു നിന്നു എന്റെ ജീവനെയും...'' എന്നാണുള്ളത്. സിംഹത്തിന്റെ വായിൽ നിന്ന് ജീവനെ രക്ഷിക്കണമെന്ന അപേക്ഷയാണ് ഇവിടെ തുടരുന്നത് (വാ. 20–21). എല്ലാ അന്ധകാര ശക്തികളെയും തോല്പിക്കുവാനായി ക്രിസ്തു ക്രൂശിൽ എത്തിച്ചേരുന്നതിനു മുമ്പ് തോട്ടത്തിൽ വെച്ചു തന്നെ ക്രിസ്തുവിനെ കൊന്നുകളയുവാൻ ശ്രമിച്ച സാത്താനെ തന്നെ ആയിരിക്കാം ഇവിടെ സൂചിപ്പിക്കുന്നത്. 2 തിമൊ. 4:17; 1 പത്രൊ. 5:8 ൽ സാത്താനെ സിംഹമായി താരതമ്യം ചെയ്തിട്ടുണ്ട്.

യെഹൂദാ ഗോത്രത്തിലെ സിംഹം ക്രിസ്തുവാണ് (വെളി. 5:5). പുതിയ നിയമത്തിൽ സിംഹം പിശാചിനെ കുറിക്കുന്നു (1 പത്രൊ.5:8).

**വാ. 22** *"ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോട് കീർത്തിക്കും: സഭാമദ്ധ്യേ ഞാൻ നിന്നെ സ്തുതിക്കും."* ഇവിടെ മുതൽ രണ്ടാം ഭാഗം ആരംഭിക്കുന്നു. വലിയ കൊടുങ്കാറ്റിൽ നിന്ന് ശാന്തതയിലേക്ക് നാം കടക്കുകയാണ്. കാൽവറിയിലെ അന്ധകാരം മാറി. പ്രകാശത്തിലേക്ക് വരികയാണ്. മരണത്തിനു മുമ്പുള്ള നിമിഷങ്ങളിൽ കർത്താവു ചെയ്ത ആത്മഗതമായിരിക്കാം തുടർന്നുള്ള വാക്യങ്ങൾ! കൊടുംയാതനയിൽ നിന്ന് അല്പം വിമുക്തനായപ്പോൾ തന്റെ സഭയെക്കുറിച്ചു താൻ ചിന്തിക്കുകയാണ്. ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോട് കീർത്തിക്കും. അവൻ അവരെ എന്റെ സഹോദരന്മാർ എന്ന് വിളിപ്പാൻ ലജ്ജിച്ചില്ല (എബ്രാ. 2:12; സങ്കീ. 40:9. ഒ. നോ. യോഹ. 20:17; റോമ. 8:29). അദൃശ്യനായ ദൈവത്തെ തന്റെ പുത്രനിൽ കൂടെ നമുക്ക് വെളിപ്പെടുത്തിത്തന്നത് ഓർത്ത് സഭ എന്നും അവനെ മഹത്ത്വപ്പെടുത്തുകയാണ് (യെശ. 38:19, 20). എന്റെ സഹോദരന്മാർ – ഇത് ദൈവപുത്രന്റെ മഹത്ത്വപദവി വിട്ടുള്ള താഴ്ചയേയും മനുഷ്യപുത്രന്മാർക്കു ലഭിക്കുന്ന ഉയർച്ചയെയും കാണിക്കുന്നു.

**വാ. 23–24** *"യഹോവാഭക്തന്മാരേ, അവനെ സ്തുതിക്കുവിൻ; ..... കേൾക്കയത്രേ ചെയ്തത്."* കർത്താവ് സഭയിൽ ജനത്തെ അഭിസംബോധന ചെയ്യുന്നതായി ഇവിടെ കാണാം. യഹോവയെക്കുറിച്ചുള്ള ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു. യെഹൂദനും ജാതിയും രക്ഷയുടെ ദൈവത്തെ സ്തുതിക്കുന്നതിൽ ഒത്തുചേരുന്നു.

അരിഷ്ടനായ നമ്മുടെ കർത്താവിന്റെ പ്രാർത്ഥന ദൈവം നിരസിച്ചില്ല (സങ്കീ. 102; എബ്രാ. 5:7) ദൈവം അവനെ ഉയിർത്തെഴുന്നേല്പിച്ചു. മുഖം മറച്ചത് അല്പസമയത്തേക്കു മാത്രം, എന്നേക്കുമല്ല. അവന്റെ പ്രാർത്ഥന കേൾക്കുകയത്രേ ചെയ്തത്.

**വാ. 25–26** *"മഹാസഭയിൽ എനിക്കു പ്രശംസ നിന്നിൽ നിന്നു വരുന്നു; ..... എന്നേക്കും സുഖത്തോടിരിക്കട്ടെ."* നമ്മുടെ പാട്ടും സ്തുതിയും കർത്താവ് ഇഷ്ടപ്പെടുന്നു. ഒ. നോ. സങ്കീ. 35:18; 40:9, 10; 111:1. എന്റെ നേർച്ചകളെ കഴിക്കും. സങ്കീ. 66:13–16; 116:14; സഭാ. 5:4, 5. ഇത് കർത്താവിനെ സംബന്ധിച്ച് അക്ഷരാർത്ഥത്തിൽ എടുക്കേണ്ടതല്ല. എളിയവർ എന്നതിന് സൗമ്യതയുള്ളവർ എന്നാണ് ഇംഗ്ലീഷിൽ. ഒ. നോ. സംഖ്യാ. 12:3; മത്താ. 5:5; നമ്മുടെ പ്രാണപ്രിയന്റെ മരണംവരെ നമ്മുടെ പ്രാണൻ വിശന്നു പൊരിയുകയായിരുന്നു. എന്നാൽ ഇന്ന് അത് സംപുഷ്ടമാണ്.


**വാ. 27–31** *"ഭൂമിയുടെ അറുതികൾ ഒക്കെയും ഓർത്തു യഹോവയിലേക്കു തിരിയും; ..... അവന്റെ നീതിയെ വർണ്ണിക്കും."* ഭൂമിയുടെ അറുതികൾ മശിഹയുടെ മിഷനറി ആത്മാവിനെയാണ് വ്യക്തമാക്കുന്നതും. തന്റെ അധികാര സീമയിലുള്ള എല്ലാവരും യഹോവയെ അറിയണമെന്ന് അവൻ ആഗ്രഹിക്കുന്നു. രാജത്വം യഹോവയ്ക്കുള്ളത് സങ്കീ. 47:8; ഓബ. 21; സെഖ. 14:9; മത്താ. 6:13. വാ. 29 നെപ്പറ്റി ആൽബർട്ട് ബാൺസ് പറയുന്നത് ഇപ്രകാരമാണ്:

ഇവിടെ മൂന്നു കൂട്ടരെ കാണുന്നു: (1) പുഷ്ടിയുള്ളവൻ (ന്യായാ. 3:29; ഇയ്യോ. 15:27; സങ്കീ. 17:10). വലിയവരും ധനികരും രാജാക്കന്മാരും പ്രഭുക്കന്മാരും ജീവനുള്ള ദൈവത്തിങ്കലേക്ക് തിരിയുന്നവരുടെ കൂട്ടത്തിൽ ഉണ്ടായിരിക്കും (2). പൊടിയിലേക്ക് ഇറങ്ങുന്നവർ: ഇവർ പാവപ്പെട്ടവരും, പീഢിതരും നിന്ദിതരുമാണ്. ധാനവാന്മാർക്കെന്നപോലെ രക്ഷ പാവപ്പെട്ടവർക്കും ഉള്ളതാണ് (സങ്കീ. 113:7). (3). സ്വന്ത പ്രാണനെ രക്ഷിക്കുവാൻ കഴിയാത്തവർ ഇവർ തങ്ങളെത്തന്നെ രക്ഷിക്കാൻ കഴിയാതെ മരണത്തോട് സമീപിച്ച, വൃദ്ധന്മാരും, രോഗികളും ബലഹീനരും, മരണാസന്നരായവരുമാണ്. ഇവരും രക്ഷയുടെ കാര്യത്തിൽ താല്പരരായി കർത്താവിങ്കലേക്ക് തിരിയും. ഈ മൂന്നു കൂട്ടർ മുഴു ഭൂവാസികളെയും പ്രതിനിധീകരിക്കുന്നു''

സന്തതി എന്നാൽ കുട്ടികൾ, വംശം എന്നർത്ഥം (ഉല്പ. 3:15; 13:16; യെശ. 6:13; 53:10). അത്യുന്നതനെ ആരാധിക്കുവാൻ ഒരു സന്തതി ഉണ്ടായിരിക്കും. ഒരു തലമുറപോയാൽ മറ്റൊന്നു വരും. അപ്പൊസ്തലിക ഉപദേശം പിടിച്ചുകൊള്ളുന്ന ഒരു തലമുറ ഒരിക്കലും ഇല്ലാതെ പോകയില്ല.

കർത്താവിന്റെ അന്ത്യമൊഴി നിവൃത്തിയായി എന്നായിരുന്നല്ലോ. ഈ സങ്കീർത്തനത്തിലെ അന്ത്യവാചകം അതുതന്നെ. അവനെ സേവിക്കുക, യഹോവയെ കീർത്തിക്കുക, അവൻ നിവൃത്തിയാക്കി എന്ന സുവിശേഷം അറിയിക്കുക എന്നീ മൂന്നു കാര്യങ്ങളാണ് ഈ കൃപായുഗത്തിൽ നാം ചെയ്യുവാനുള്ളത്. ഈ ദൗത്യം ഓർമ്മിപ്പിച്ചു കൊണ്ട് ഈ സങ്കീർത്തനം സമാപിക്കുന്നു.

❑❑❑




## സുവിശേഷകനെ പരിചയപ്പെടുക

മൂന്നാർ കോളനി ബ്രദറൺ ചർച്ചിലെ സുവിശേഷകനാണ് ബ്രദർ. കെ. സുഹൃദരാജ്. 1995 ൽ ആരംഭിച്ച പ്രവർത്തനമാണ് ഇവിടുത്തേത്. 1997 ൽ അനുഗ്രഹീതമായ ഒരു കൂടിവരവ് ഇവിടെ ഉണ്ടായി. 20ൽ അധികം പേർ കൂടി വന്ന് കർത്താവിനെ ആരാധിക്കുന്നു. സജീവമായ പല ആത്മീക പ്രവർത്തനങ്ങളുമായി സഭയായുള്ള ശുശ്രൂഷകൾ തുടരുന്നു.

സഹോദരന് ഭാര്യയും 3 മക്കളും ആണ് ഉള്ളത്. മൂത്ത മകൻ ഡാനീയേൽ Plus two വിദ്യാഭ്യാസത്തിനുശേഷം S.B.C. (steward Bible College) Chennai ൽ ദൈവവചനം അഭ്യസിക്കുന്നു. രണ്ടാമത്തെ മകൾ ജമീമ Plus twoവിലും ഇളയമകൻ ഡിക്സൺ 8–ാം ക്ലാസിലും പഠിക്കുന്നു. മൂന്നാറിലും പരിസരങ്ങളിലും നടക്കുന്ന പ്രവർത്തനങ്ങളിൽ മറ്റു സഹോദരൻമാരോട് ചേർന്നു സജീവമായി താനും പങ്കെടുക്കുന്നു.

മൂന്നാർ കോളനിയിൽ മലയുടെ ഏറ്റവും മുകളിലാണ് സഹോദരന്മാർ കൂടിവരുന്നത്. ഈ വീട്ടിൽ തന്നെയാണ് സഹോദരൻ താമസിക്കുന്നതും. കോളനിയുടെ താഴ്ഭാഗത്ത് താമസിക്കുന്നവർക്ക് 100ൽ പരം step കൾ കയറിവേണം ആരാധനക്ക് എത്തുവാൻ. ഈ വീട് ഒഴിഞ്ഞുകൊടുക്കുവാൻ ഉടമസ്ഥർ നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു. അടിയന്തിരമായി തനിക്കൊരു താമസസൗകര്യവും കൂടിവരുവാൻ ഒരു സ്ഥലവും ഉണ്ടാകേണ്ടിയിരിക്കുന്നു. വാടകക്കോ, ഒറ്റിക്കോ വീടുകൾ ദുർലഭമാണ്. 4 സെന്റുകൾ അടങ്ങുന്ന ഓരോ Plotകൾ ആണ് വിൽപ്പനക്കുള്ളത്. സഭയെയും സഹോദരനെയും കുടുംബത്തെയും അവിടെയുള്ള പ്രവർത്തനങ്ങളെയും ഓർത്ത് ദൈവജനം പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമെന്നപേക്ഷിക്കുന്നു.

സഹോദരന്റെ വിലാസം:
K. Sugirtharaj (Evg)
Bretheren Assembly
P.B. No:51, Colony, Munnar P.O.
Idukki (Dt), Kerala - 685612
Mob: 09447164458

## ബൈബിൾ ക്ലാസ്, കൺവൻഷൻ, ഫാമിലി കോൺഫ്രൻസ്

**അടൂർ:** അടൂരിലുള്ള ബ്രദറൺ സഭകളുടെ ആഭിമുഖ്യത്തിൽ 2012 ജനുവരി 4 മുതൽ 7 വരെ ബൈബിൾ ക്ലാസ്, ഫാമിലി കോൺഫ്രൻസ്, കൺവൻഷൻ എന്നിവ അടൂർ ലോഗോസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. ബൈബിൾ ക്ലാസ് എല്ലാ ദിവസവും രാവിലെ 10 മണിക്ക് ആരംഭിക്കും. 7–ാം തീയതി ഫാമിലി കോൺഫ്രൻസും, കുട്ടികളുടെ പ്രത്യേക പരിപാടികളും നടക്കും. പ്രസിദ്ധ സുവിശേഷ പ്രസംഗകരായ ബ്രദർ. ചാണ്ടപ്പിള്ള ഫിലിപ്പ്, ബ്രദർ. എബ്രഹാം ചെമ്പോല, ബ്രദർ. വർഗീസ് കെ. കുര്യൻ, ബ്രദർ. കെ.സി. ജോൺസൺ, ബ്രദർ. രാജൻ തോമസ്, ബ്രദർ. ഗായൂസ് മാത്യു, ബ്രദർ. എബ്രഹാം തോമസ്, ബ്രദർ ജോർജ് കോശി എന്നിവർ വിവിധ മീറ്റിംഗുകളിൽ ദൈവവചനം ശുശ്രൂഷിക്കും. ഇവാ. ജോൺസൺ സാം, ഇവാ. ഷാനു സാമുവേൽ എന്നിവരുടെ നേതൃത്വത്തിൽ ക്രമീകരണങ്ങൾ പുരോഗമിക്കുന്നു.

## ഗോസ്പൽ ഫെസ്റ്റ്

**മാവേലിക്കര:** 2012 ജനുവരി 12 മുതൽ 14 വരെ വെട്ടിയൂർ ബ്രദറൺ അസംബ്ലി ഗ്രൗണ്ടിൽ വച്ച് ഗോസ്പൽ ഫെസ്റ്റ് നടക്കും. ശാലേം മെലഡീസ്, കുരത്തിക്കാട് ഗാനശുശ്രൂഷ നിർവഹിക്കും. ബ്രദർ ജോൺ പി. തോമസ് എറണാകുളം, ഡോ. കെ.സി. ജോൺസൺ മാവേലിക്കര എന്നിവർ വചനശുശ്രൂഷ നിർവ്വഹിക്കും. ഈ യോഗത്തിന്റെ അനുഗ്രഹത്തിനായി ദൈവജനം പ്രാർത്ഥിക്കണമേ.

## പത്തനംതിട്ട കൺവൻഷൻ സമാപിച്ചു

പത്തനംതിട്ടയിലും പരിസര പ്രദേശങ്ങളിലുമുള്ള ബ്രദറൺ സഭകളുടെ സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പത്തനംതിട്ട ബ്രദറൺ കൺവൻഷൻ സമാപിച്ചു.

ഈ വർഷം ഡിസംബർ 18 മുതൽ 25 വരെ പത്തനംതിട്ട സുവിശേഷാലയത്തിൽ വച്ചാണ് കൺവൻഷൻ നടത്തപ്പെട്ടത്. കർത്താവിൽ പ്രസിദ്ധരായ ഡോ. ഒ. എം. സാമുവേൽ, വർഗീസ് കെ. കുര്യൻ, റോയി മാത്യു, ബിനു സാമുവേൽ, ജോസ് മാത്യു, പി. ജി. ജെയിംസ്, ജോർജ് കോശി, എബി കെ. ജോർജ് എന്നിവർ മുഖ്യപ്രഭാഷകരായിരുന്നു.

ജോൺലി ചാൾസ്, ജോ ഇലന്തൂർ, അലിച്ചൻ, ജോബി എന്നിവർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. അവിശ്വാസികളായ അനേകമാളുകൾ സുവിശേഷപ്രഭാഷണം കേൾക്കുവാൻ കടന്നുവന്നു. വരും വർഷങ്ങളിൽ കൂടുതൽ അനുഗ്രഹമായി പത്തനംതിട്ട കൺവൻഷൻ നടക്കുവാൻ ദൈവം കൃപ ചെയ്യട്ടെ.

## അപകടത്തിൽപ്പെട്ടു

**ചിറ്റൂർ:** ചിറ്റൂരിൽ നിന്നും നെന്മാറക്ക് ഭവനപ്രാർത്ഥനക്കായി പോകുമ്പോൾ ഇവാ. ജോർജ്ജ് പീറ്ററും, 8 പേരടങ്ങുന്ന കുടുംബവും സഞ്ചരിച്ചിരുന്ന വാൻ പശുവിനെ ഇടിച്ചുവെങ്കിലും നിസാര പരുക്കുകളോടെ എല്ലാവരും രക്ഷപെട്ടു. വലിയ അപകടത്തിൽ നിന്നും ഈ കുടുംബത്തെ രക്ഷിച്ച ദൈവത്തിന് സകല മാനവും മഹത്വവും കരേറ്റുന്നു. ഇവരുടെ പൂർണ്ണ സൗഖ്യത്തിനായി ദൈവജനം പ്രാർത്ഥിക്കുക.

**നിലമ്പൂർ:** സഹോദരി അന്നമ്മ ജോർജിന് സംഭവിച്ച അപകടത്തിൽ തോളെല്ല് പൊട്ടുകയും ചില പരിക്കുകൾ സംഭവിക്കുകയും ചെയ്തു. സർജറിക്കായി ഡോക്ടർ നിർദ്ദേശിച്ചുവെങ്കിലും ദൈവജനത്തിന്റെ പ്രാർത്ഥനയുടെ ഫലമായി സൗഖ്യം പ്രാപിച്ചുവരുന്നു. പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## വാമനപുരം കൺവൻഷൻ

**വാമനപുരം:** മംഗലത്തുകോണം ബ്രദറൺ സഭയുടെ അഭിമുഖ്യത്തിൽ വാമനപുരം കൺവൻഷൻ 2012 ഫെബ്രുവരി 2 വ്യാഴം മുതൽ 5 ഞായർ വരെ നടത്തപ്പെടും. സുപ്രസിദ്ധ സുവിശേഷ പ്രസംഗകരായ ബ്രദർ. ചാണ്ടപ്പിള്ള ഫിലിപ്പ്, ഡോ. കെ. സി. ജോൺസൺ മാവേലിക്കര എന്നിവർ ദൈവവചനം ശുശ്രൂഷിക്കും. ഈ കൺവൻഷന്റെ അനുഗ്രഹത്തിനായി ദൈവജനം പ്രാർത്ഥിക്കുക.

## വാളകം കൺവൻഷൻ

**വാളകം:** വാളകം ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ സുവിശേഷപ്രസംഗവും സംഗീതശുശ്രൂഷയും വാളകം ജംഗ്ഷനു സമീപം തയ്യാർ ചെയ്യുന്ന പന്തലിൽ 2012 ജനുവരി 18 ബുധൻ മുതൽ 22 ഞായർ വരെ എല്ലാ ദിവസവും വൈകിട്ട് 6.30 മുതൽ 8.30 വരെ നടത്തപ്പെടും. ബ്രദർ. ചാണ്ടപ്പിള്ള ഫിലിപ്പ്, ബ്രദർ. ജോസ് മാങ്കുടി എന്നിവർ വചന ശുശ്രൂഷ നിർവ്വഹിക്കും. വ്യാഴം, വെള്ളി, ശനി എന്നീ ദിവസങ്ങളിൽ രാവിലെ 10 മുതൽ 12 വരെ വാളകം ബ്രദറൺ സഭാ ഹോളിൽ വച്ച് ബൈബിൾ ക്ലാസ് ഉണ്ടായിരിക്കുന്നതുമാണ്. വി.യു. ജേക്കബ്, പി.സി. വർഗ്ഗീസ് എന്നിവരുടെ നേതൃത്വത്തിൽ ക്രമീകരണങ്ങൾ പുരോഗമിച്ചുവരുന്നു.

## കുമ്പനാട് കൺവൻഷൻ... (1–ാം പേജിൽ നിന്നും തുടർച്ച)

ഈ ബൈബിൾ ക്ലാസ് ദൈവജനത്തിന്റെ പ്രത്യാശയെ വർദ്ധിപ്പിക്കുന്നതും, അത്യന്തം പ്രയോജനകരവുമാണ്.

ജെ.പി. രാജൻ, ജോസ്‌ലി എബ്രഹാം, ജോൺലി ചാൾസ്, ഉണ്ണി തോബിയാസ്, തോമസ് മാത്യു, രാജൻ വി. തോമസ്, ഷൈജൻ പോൾ എന്നിവരുടെ നേതൃത്വത്തിൽ അനുഗ്രഹിക്കപ്പെട്ട ഗാനശുശ്രൂഷ നടക്കുന്നു.

ചുറ്റുപാടുള്ള സഭകളിൽ നിന്നും ധാരാളം പേർ വചനം ശ്രവിക്കുന്നതിനായി എത്തിച്ചേരുന്നുണ്ട്. 2012 ജനുവരി 1–ാം തീയതി ഞായറാഴ്ച നടക്കുന്ന സംയുക്ത ആരാധനായോഗത്തോടു കൂടി കൺവൻഷൻ സമാപിക്കും. കൺവൻഷൻ പ്രസംഗങ്ങൾ www.radiomanna.com ലൂടെ തത്സമയം പ്രക്ഷേപണം ചെയ്യുന്നുണ്ട്.

# പെരിയാർ തീരത്തെ വിശ്വാസികളും ഭീതിയിൽ!

**കെ.ചപ്പാത്ത്:** മുല്ലപെരിയാർ ഡാം ജീർണ്ണാവസ്ഥയിൽ തുടരുകയാണ്. 35 ലക്ഷത്തിലധികം ജനങ്ങളുടെ ജീവനും സ്വത്തിനും ഭീതിയായി 116 വർഷം പഴക്കമുള്ള കുമ്മായ കെട്ടായ മുല്ലപെരിയാർ ഡാം പുതുക്കിപണിയണമെന്ന ആവശ്യം കേരളം മുമ്പോട്ട് വച്ചിട്ട് പരിഹാരമൊന്നും കാണാതെ ജനകീയ സമരങ്ങളും അനസ്യൂതം നീളുകയാണ്. പെരിയാറിന്റെ തീരപ്രദേശത്തുള്ള ആയിരക്കണക്കിന് ജനങ്ങൾക്ക് ഉറങ്ങാൻ കഴിയുന്നില്ല. പല കുഞ്ഞുങ്ങളും സ്കൂളിൽ പോലും പോകുന്നില്ല. നമ്മുടെ അഞ്ചു സഭകൾ പെരിയാർ തീരത്താണ് സ്ഥിതിചെയ്യുന്നത്. വണ്ടിപെരിയാർ, കരുന്തരുവി, ആലടി, ഉപ്പുതറ, മാട്ടുക്കട്ട എന്നീ സഭയിലെ സഹോദരിസഹോദരന്മാർക്കും ഇത് ഭീതിയുടെ നാളുകൾ. അടിക്കടിയുണ്ടാകുന്ന ഭൂചലനങ്ങളും വൃഷ്ടി പ്രദേശത്തുണ്ടാകുന്ന പേമാരിയും ഭയമുളവാക്കുന്നു. കഴിഞ്ഞ മാസം മുല്ലപെരിയാർ ഡാം പുതുക്കിപണിയണം എന്നയാവശ്യമുന്നയിച്ച് ചപ്പാത്തിലെ സമരപന്തലിൽ ഹൈറേഞ്ചിലെ സുവിശേഷകന്മാർ തങ്ങളുടെ ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും അവരെ പ്രതിനിധീകരിച്ച് സുവി. എം.വി. ബാബു കല്ലിശേരി പ്രസംഗിക്കുകയും ചെയ്തിരുന്നു. മുല്ലപെരിയാർ ഡാം തകർന്നാൽ നമ്മുടെ ഈ അഞ്ച് സഭകളിലെ സഹോദരി സഹോദരന്മാരും സഭാഹാളുകളും നാമാവശേഷമാകും. ഭീതിയിൽ കഴിയുന്ന നമ്മുടെ ഈ സഹോദരസഭകൾക്കായി നമുക്ക് പ്രാർത്ഥിക്കാം.

# 35-ാമത് ഐ.ബി.എഫ്. ഫാമിലി കോൺഫ്രൻസ്

**ഇൻഡിയാന:** 35-ാമത് ഐ.ബി.എഫ്. ഫാമിലി കോൺഫ്രൻസ് 2012 ജൂലൈ 4 ബുധൻ മുതൽ 8 ഞായർ വരെ മാരിയോൺ വെസലേയൻ യൂണിവേഴ്സിറ്റി അങ്കണത്തിൽ വച്ച് നടത്തപ്പെടും. "Equipping the saints for Building up the Body" എന്നതാണ് ഈ വർഷത്തെ തീം. ബ്രദർ ജോൺ ജോർഡോൺ, ബ്രദർ നാറ്റ് ബ്രാമ്സൺ (സൗത്ത് ആഫ്രിക്ക), ബ്രദർ ജോൺ പി. തോമസ് (ഇന്ത്യ) എന്നിവർ ക്ലാസ്സുകൾ നയിക്കും. കൂടുതൽ വിവരങ്ങൾക്ക് www.ibfus.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# മൂന്നാറിൽ സുവിശേഷയോഗങ്ങൾ

**പീരുമേട്:** പീരുമേട് ബ്രദറൺ സഭയുടെ ചുമതലയിൽ ഡിസംബർ 20,21 തീയതികളിൽ ദേവികുളം, മൂന്നാർ കോളനി എന്നീ സ്ഥലങ്ങളിൽ സുവിശേഷയോഗവും ഫിലിം പ്രദർശനവും നടന്നു. രാത്രിയോഗങ്ങളിൽ സുവി. ഇ.എസ്. റെജി മാട്ടുക്കട്ട, സുവി. ഷാജഹാൻ വി. ഹസ്സൻ പീരുമേട് എന്നിവർ ദൈവവചന ശുശ്രൂഷ നിർവ്വഹിച്ചു. സുവിശേഷകന്മാരായ യേശുദാസ് ഡി, സുഹൃദരാജ്, ആന്റണി, ബ്രദ. ദാനിയേൽ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. എല്ലാ മാസവും ഇടുക്കിയുടെ വിവിധ ഭാഗങ്ങളിൽ ഇതുപോലെയുള്ള ശുശ്രൂഷകൾ നടത്തുവാൻ ആഗ്രഹിക്കുന്നു. ദൈവജനം പ്രാർത്ഥിക്കണമേ.

# ഗ്വാളിയാർ മ്യൂസിക് ഫെസ്റ്റ് സമാപിച്ചു




***യേശുവിനായ് പാടും:** ഗ്വാളിയാർ മ്യൂസിക് ഫെസ്റ്റിൽ നിന്നും*

**ഗ്വാളിയാർ:** ക്രിസ്തുമസ് സീസൺ പ്രയോജനപ്പെടുത്തി മദ്ധ്യപ്രദേശിലെ ഗ്വാളിയാർ നഗരമദ്ധ്യത്തിൽ നടത്തിയ ക്രിസ്തുമസ് മ്യൂസിക് ഫെസ്റ്റ് ഏറെ ശ്രദ്ധേയമായി. സമൂഹത്തിലെ ഉന്നതർ ഉൾപ്പെടെ ആയിരത്തോളം ജനങ്ങൾ പങ്കെടുത്തു. സഹോ. ജോർജ്ജ് മട്ടയ്ക്കൽ ബാംഗ്ലൂർ, സുവി. ഗോഡ്‌ലി കുര്യൻ ആനിക്കാട് എന്നിവർ സുവിശേഷ സന്ദേശങ്ങൾ നൽകി. ഫിലിപ്പ് കെ. ആൻഡ്രൂസ് കോട്ടയം, ജോൺസൺ പീറ്റർ ചെന്നൈ, മിലൻ കുമാർ ഡെൽഹി, മേരി ജോൺസ് മിസോറാം എന്നിവരുടെ നേതൃത്വത്തിലുള്ള ടീമുകൾ മികവുറ്റ സംഗീതമൊരുക്കി. ഗ്വാളിയർ ബ്രദറൺ സഭയിലെ സുവിശേഷകൻ രഞ്ജിത് കുമാറും മദ്ധ്യപ്രദേശ് ഇസായി മഹാസംഘ് പ്രസിഡന്റ് സുജിത് വില്ല്യംസും ചേർന്ന് സംഘടിപ്പിച്ച ഈ പരിപാടി ദേശത്ത് വലിയൊരു ക്രൈസ്തവ ചലനമാണുളവാക്കിയത്. സുവിശേഷത്തിന് പ്രാതികൂലമേറെയുള്ള ഉത്തരഭാരത സംസ്ഥാനങ്ങളിൽ സുവിശേഷ വ്യാപനത്തിനായി ഉപയോഗിക്കാവുന്ന ഏറ്റവും നല്ല അവസരമാണ് ക്രിസ്തുമസ് സീസൺ എന്ന് ഈ സമ്മേളനം തെളിയിക്കുന്നു.

# കൊട്ടാരക്കര കൺവൻഷൻ

**കൊട്ടാരക്കര:** കൊട്ടാരക്കരയിലും പരിസരപ്രദേശങ്ങളിലുമുള്ള ബ്രദറൺ സഭകളുടെ അഭിമുഖ്യത്തിൽ 2012 ജനുവരി 16 മുതൽ 22 വരെ പുലമൺ ബ്രദറൺ ഗോസ്പൽ ഹാളിൽ വച്ച് കൊട്ടാരക്കര കൺവൻഷൻ നടത്തപ്പെടും. കർത്താവിൽ പ്രസിദ്ധരായ ബ്രദർ. ചാണ്ടപ്പിള്ള ഫിലിപ്പ് (കോട്ടയം), ബ്രദർ. വർഗീസ് കെ.കുര്യൻ (പാമ്പാടി), ബ്രദർ. സാമുവേൽ ബി. തോമസ് (മധുര), ബ്രദർ. ജോസ് മാത്യു (മാംഗ്ലൂർ) എന്നിവർ തിരുവചനം ശുശ്രൂഷിക്കും.

# കത്തുകൾ...കത്തുകൾ...

*(2-ാം പേജിൽ നിന്നും തുടർച്ച)*

സുവി. റ്റി. റ്റി. തോമസ് കീക്കൊഴൂർ, ബ്രദർ. വി. എം. ജോർജ്ജ്കുട്ടി റാന്നി, ബ്രദർ. പി. പി. ഫിലിപ്പ് സീയോൻകുന്ന്, സുവി. കെ.വി. മാത്യു മണ്ണാരത്തറ, ബ്രദർ. കെ. റ്റി. തോമസ് മുക്കൂട്ടുതറ, സുവി. വർഗീസ് തോമസ് റാന്നി, ബ്രദർ. കെ. സി. രാജൻ എരുമേലി എന്നിവരായിരുന്നു സഹോദരന്മാർ. അവരുടെ മുമ്പാകെ ഹരിദാസ് സാർ പറഞ്ഞത്.

1. ഞാൻ വസ്തു നല്കിയത് എരുമേലി ബ്രദറൺ ചർച്ചിന്റെ വഴിക്ക് വേണ്ടിയാണ്.

2. 6 വർഷം മുൻപ് വാങ്ങിയ വിലയ്ക്ക് തന്നെ വില്ക്കാൻ കാരണം ഒരു സമൂഹത്തിന്റെ ആരാധന മുടങ്ങരുത് എന്ന ചിന്തയിലാണ്.

3. നിരവധി പേർ ഈ സ്ഥലത്തിന് ആവശ്യക്കാരായി വന്നുവെങ്കിലും എന്റെ ആഗ്രഹം ചർച്ചിനു നല്കാനായിരുന്നു. അതുകൊണ്ട് പലരും വഴക്കും പറഞ്ഞു.

4. ഞാനും സി. റ്റി. ജോണിക്കുട്ടിയും നേരിട്ട് ഇടപെട്ടതുകൊണ്ട് ഇടനിലക്കാർ വഴി പണനഷ്ടം ഉണ്ടായില്ല.

5. സി. റ്റി. ജോണിക്കുട്ടിയുടെയും ഭാര്യയുടെയും മനോഭാരം കണ്ടാണ് വസ്തു നല്കിയത്.

6. ഇങ്ങനെ സംഭവിച്ചതിൽ എനിക്ക് വളരെ പ്രയാസം ഉണ്ട്

7. നിങ്ങൾ ചേർന്ന് അദ്ദേഹത്തിന് ഇരട്ടി തുക കൊടുത്താണെങ്കിലും ഈ വസ്തു തിരിച്ചു വാങ്ങി ചർച്ചിനു കൊടുക്കണം.

വാഗമണ്ണിൽനിന്നും മടങ്ങി വരുന്ന വഴി സഭാഹോളിലേക്ക് റോഡു വെട്ടാൻ കരാർ നല്കി എന്നു പറയുന്ന ജെ. സി. ബി. യുടെ ഉടമസ്ഥൻ പ്രഭാകരൻ പിള്ളയോടു (മൊബ. 9447011902) ഏഴംഗ സഹോദരന്മാർ സത്യാവസ്ഥ ചോദിച്ചറിഞ്ഞു. അദ്ദേഹം പറഞ്ഞത്.

1. ചർച്ചിലേക്ക് വഴി വെട്ടിയിട്ടില്ല, വഴി വെട്ടുകയായിരുന്നില്ല മണ്ണെടുക്കുക മാത്രമാണ് ചെയ്തത്.

2. മണ്ണെടുത്തു കൊടുത്തു കൊള്ളാൻ ജയിംസ് സൗദിയിൽനിന്നും ടെലിഫോണിലൂടെ അനുവദിച്ചതാണ്.

3. ജെ. സി. ബി. ഓപ്പറേറ്റന്മാരും ടിപ്പർ ഓടിക്കുന്നവരും അല്ലാതെ ആരും അവിടെ കൂടിയില്ല

4. എന്നാൽ ജയിംസിന്റെ അനുജന്മാരും കൂടെ വന്ന ആളുകളും മണ്ണെടുക്കൽ തടഞ്ഞു. പോലിസിനെ കൊണ്ടുവന്നു. പിന്നീട് മണ്ണ് എടുത്തിട്ടില്ല. സത്യം ഇതാണെങ്കിൽ? ജോണിക്കുട്ടി വഴി വെട്ടിയോ?

കർതൃശുശ്രൂഷയിൽ<br>
സി. റ്റി. ജോണിക്കുട്ടി<br>
എരുമേലി, 9447601955

# പുസ്തക പ്രകാശനം

ഇവാ. റെജി ഈട്ടിമൂട്ടിൽ രചിച്ച "പുത്രൻ പിതാവിന് സാമ്യനോ സമനോ?'' എന്ന പുസ്തകത്തിന്റെ പ്രകാശനം കോട്ടയം ദർശന കൾച്ചറൽ സെന്ററിൽ 2012 ജനുവരി 8-ാം തീയതി 4 PM ന് സുവി. കെ. ജി. കുര്യൻ - ജീവചരിത്രം പ്രകാശനവേദിയിൽ നടക്കുന്നതാണ്. Mob: 9495127455

ഗാനം ♪ ... ♪ ... ♪ ... ♪ ... ♪ ... ♪ ...

# ഉണ്ണിയേശു

*'മോചനം' എന്ന കവിതാസമാഹാരത്തിൽ നിന്നും*<br>
*- ജോർജ്ജ് പീറ്റർ, ചിറ്റൂർ*

സംപൂജ്യൻ സൽഗുണവാൻ സർവ്വാംഗ സുന്ദരൻ താൻ<br>
സംപൂർണ്ണൻ സർവ്വോൽകൃഷ്ടൻ സംപ്രീതൻ സംമോഹനൻ<br>
സകല ലോകങ്ങൾക്കും ആദികാരണനായോൻ<br>
സകലേശ്വരൻ യാഹീൻ ഏകജാതനാമേശു

പാലസ്തീൻ നാട്ടിൽ രാജൻ ദാവീദിൻ പട്ടണത്തിൽ<br>
പാവനഗ്രാമമാകും ബെത്ത്ലഹേം ഗോശാലയിൽ<br>
പാതിരാത്രിയിൽ മഞ്ഞു പെയ്യുന്ന കുളിർക്കാലം<br>
പൂനിലാവൊളിയെങ്ങും വിതറി നിന്നീടവേ

എണ്ണിയാലൊടുങ്ങാത്ത നക്ഷത്ര കൂട്ടങ്ങളെ<br>
വിണ്ണിൽഹാ! മഹസ്സൊടു നിർത്തിയ ദൈവപുത്രൻ<br>
മണ്ണിലെ പുൽതൊട്ടിയിൽ പാഴ്ത്തുണി ചുറ്റിചെറു-<br>
ഉണ്ണിയായ് കിടന്നതെന്തത്ഭുതം! മഹാത്ഭുതം!

കന്യക സുതനായി യൂദയിൽ സിംഹമായി<br>
മന്നരിൽ മന്നനായി മനുഷ്യ പുത്രനായി<br>
മന്നിലെ മനുഷ്യന്റെ ഖിന്നതയൊടുക്കാനായ്<br>
വന്നിതൊ താണുദൈവ സമത്വം വെടിഞ്ഞഹൈ

മാലാഖമാരും സ്വർഗ്ഗ സൈന്യവും ചേർന്നു പാടി<br>
മാലോകർക്കെല്ലാം മഹാസന്തോഷ വൃത്താന്തത്തെ<br>
മാനവ രക്ഷകനായ് ക്രിസ്തുഭൂജാതനായി<br>
മഹത്വം ദൈവത്തിനു കൊടുത്തു വാഴ്ത്തിയവർ

അജപാലകന്മാരും വിവരം അറിഞ്ഞുടൻ<br>
അമല ശിശുവിന്റെ ചാരത്തുവന്നുമോദം<br>
ആദിവ്യപാദതളിർ തൊഴുതു വന്ദിച്ചവർ<br>
ആശ്ചര്യഭരിതരായ് സാനന്ദം നൃത്തമാടി.

REGISTERED
Reg. No. 2893/86/M7
Postal Reg. No. KL / TLA / 89 / 2009 -2011
Licence to post Wpp Licence No. KL / TLA/ WPP- 132/ 09-11
Posted On 14th & 29th every month at RMS Thiruvalla

# JEEVA VACHANAM
Fortnightly

"നിന്റെ വചനം എന്റെ കാലിന് ദീപവും എന്റെ പാതയ്ക്ക് പ്രകാശവും ആകുന്നു" (സങ്കീർത്തനം 119:105)

JEEVA VACHANAM
SATHYAM MINISTRIES
THOTTABHAGOM P.O.,
THIRUVALLA-689 541, KERALA(S) INDIA
Tele/Fax 0469-2619209, 2619005, 2619657
Mobile: 9447126182, 9446026182
E-mail: office@truthintl.org
web site: www.truthintl.org
Toll free # 1-800-425-1211

## മലബാർ ഡിവിഷൻ
## വൈ.എം.ഇ.എഫ്. ക്യാമ്പ് സമാപിച്ചു

**പയ്യന്നൂർ:** മലബാർ വൈ.എം. ഇ.എഫിന്റെ സുവിശേഷ ക്യാമ്പ് സമാപിച്ചു. പയ്യന്നൂർ അസംബ്ലിയുടെ സഹകരണത്തിൽ പയ്യന്നൂർ ലയൺസ് കമ്മ്യൂണിറ്റി ഹാളിൽ വച്ചു നടന്ന സുവിശേഷ ക്യാമ്പിൽ പി.ഡി. ചാക്കോ (പ്രസിഡന്റ്) അദ്ധ്യക്ഷനായിരുന്നു. കെ.എം. ജോൺ ക്യാമ്പിന്റെ ഉത്ഘാടനം നിർവഹിച്ചു. ബ്രദർ എബി.കെ. ജോർജ് മുഖ്യ സന്ദേശം നൽകി.

ഡിസംബർ 19 മുതൽ 21 വരെ നടന്ന ക്യാമ്പിൽ ബ്രദർ ബെന്നി ആന്റണി, ബ്രദർ എബി.കെ. ജോർജ് എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു. ഭവന സന്ദർശനം, പരസ്യ യോഗങ്ങൾ സുവിശേഷ യോഗം എന്നീ പ്രോഗ്രാമുകൾ ക്യാമ്പിനോടനുബന്ധിച്ചു നടന്നു. പാലക്കാടു മുതൽ കാസർഗോഡ് വരെയുള്ള ആറു ജില്ലകളിലെ സുവിശേഷകന്മാരും യുവസഹോദരന്മാരും ക്യാമ്പിൽ പങ്കെടുത്തു. വൈ.എം.ഇ.എഫ് അംഗങ്ങളുടെ സജീവമായ പങ്കാളിത്തം കൊണ്ട് വിജയകരമായിരുന്നു ഈ വർഷത്തെ വൈ.എം. ഇ.എഫ്. ക്യാമ്പ്.

പുതിയ വർഷത്തേക്കുള്ള ഭാരവാഹികളെ 21-ാം തീയതി വൈകിട്ടു കൂടിയ ജനറൽ ബോഡിയിൽ വച്ച് തെരഞ്ഞെടുത്തു. പി.സി. ചാക്കോ (പ്രസിഡന്റ്), കെ.കെ. മാത്യു (സെക്രട്ടറി), ആർ. പി. ഷാജു (ട്രഷറാർ), ജാഫ്രി ജോൺ തുടങ്ങിയവർ ക്യാമ്പിന്റെ വിജയത്തിനായി പ്രവൃത്തിച്ചു.

## അടൂർ കൺവൻഷൻ

**അടൂർ:** 102-ാമത് അടൂർ ബ്രദറൺ കൺവൻഷൻ 2012 ഫെബ്രുവരി 7 മുതൽ 12 വരെ പരുത്തിപ്പാറ സഭാഹാളിനു സമീപമുള്ള ഗ്രൗണ്ടിൽ നടക്കും. ബിനു ശാമുവേൽ, ജോർജ് ചാക്കോ, ജോൺ പി. തോമസ് എന്നിവർ ദൈവവചനം സംസാരിക്കും. പി. പി. മാത്യു, സി.എസ് തോമസ് എന്നിവരുടെ നേതൃത്വത്തിൽ ക്രമീകരണങ്ങൾ പുരോഗമിക്കുന്നു.

### ★ വരിസംഖ്യ അടയ്ക്കാം... ★

ജീവവചനത്തിന്റെ വരിസംഖ്യ അടയ്ക്കുന്നതിനും, പുതിയ വരിക്കാരാകുന്നതിനും കുമ്പനാട് കൺവൻഷനിൽ അവസരം ഉണ്ടായിരിക്കുന്നതാണ്. സഹകരണം പ്രതീക്ഷിക്കുന്നു.

- ചീഫ് എഡിറ്റർ

## തുറക്കേണ്ട വാതിലുകൾ - 3
## പാറത്തോട് ബ്രദറൺ സഭാഹാൾ



ചില മാസങ്ങളായി അടഞ്ഞുകിടക്കുന്ന പാറത്തോട് ബ്രദറൺ ക്രിസ്ത്യൻ സഭാഹാൾ

നമ്മുടെ സമൂഹത്തിൽ അടഞ്ഞുകിടക്കുന്ന സഭാഹാളുകളിൽ ഏറ്റവും ഒടുവിൽ പൂട്ടപ്പെട്ട സഭാഹാളാണ് കാഞ്ഞിരപ്പള്ളി പാറത്തോട് ബ്രദറൺ ക്രിസ്ത്യൻ സഭാഹാൾ. കർത്താവിന് വളരെ പ്രയോജനപ്പെട്ട, അനുഗ്രഹിക്കപ്പെട്ട ഒരു പ്രാദേശിക സഭയായിരുന്നു പാറത്തോട് ബ്രദറൺ സഭ. എന്നാൽ കുടുംബക്കാർ തമ്മിലുള്ള കുടിപകയും നേതൃത്വങ്ങൾക്കു വേണ്ടിയുള്ള വടംവലിയുമാണ് ഇന്നത്തെ അപമാനവസ്ഥയിൽ ഈ സഭയെ എത്തിച്ചത്.

ചില മാസങ്ങൾക്കു മുമ്പ് ഈ സഭ രണ്ടായി പിരിഞ്ഞു എന്നും അതിന്റെ കാരണങ്ങളും ഇതിൽ ഒരു വിഭാഗം കത്തു മുഖേന നമ്മുടെ സഭകളെ അറിയിച്ചിരുന്നു. അങ്ങനെ പിരിഞ്ഞു കൂടിയതിൽ തങ്ങളുടെ ഭാഗം ന്യായീകരിക്കുവാൻ ആയിരിക്കണം അങ്ങനെ ചെയ്തത്. കർത്തൃദിവസം രാവിലെ ആരാധനക്കായി ഇരുവിഭാഗക്കാരും സഭാഹാൾ പങ്കുവച്ചു പോന്നു.

ഏതായാലും ചില ആഴ്ചകൾ നാട്ടുകാർ ആരുമറിയാതെ രണ്ട് ആരാധന ഇവിടെ നടന്നു. എന്നാൽ ഒരാഴ്ച ആദ്യത്തെ നറുക്കുകാരുടെ ആരാധന അല്പം നീണ്ടു (നീട്ടിയതോ) പോയി. രണ്ടാമൂഴക്കാരും എത്തി വ്യവസ്ഥ പ്രകാരമുള്ള സമയത്ത് സഭാഹാൾ കൈമാറാൻ കഴിഞ്ഞില്ലപോലും; ആദ്യകൂട്ടരുടെ ആവേശവും രണ്ടാമൂഴക്കാരുടെ അക്ഷമയും കൈയ്യാങ്കളിയിലും കസേരയടിയിലും കലാശിക്കുകയാണുണ്ടായത് എന്നാണ് അറിയുന്നത്. തുടർന്ന് പോലീസിലും കോടതിയിലും കേസ്സെത്തി. സഭാഹാളുകൾ ഒരാളുടെ പേരിൽ കിടക്കുന്നതിനാൽ നിയമപരമായി കൊച്ചുമക്കൾ അവകാശികളാണുപോലും. വ്യക്തിയുടെ ഉടമസ്ഥതയിൽ ഉള്ള സ്ഥലത്ത് സഭാഹാൾ നിർമ്മിച്ചതിലുള്ള പൊല്ലാപ്പാണിതെന്ന് ചിലർ ആക്ഷേപിക്കുന്നു.

"വീഴ്ച്ചയ്ക്കു മുമ്പേ ഗർവ്വം" എന്ന് തിരുവചനം പറയുന്നതു പോലെ, കുടുംബ പാരമ്പര്യത്തിൽ ഊറ്റംകൊള്ളലാണ് ഈ സഭയുടെ പതനത്തിനായി സാത്താൻ കരുവാക്കിയത് എന്നാണ് ജനസംസാരം "സിറിയൻ ക്രിസ്ത്യൻ ബ്രദറൺ ചർച്ച്" എന്ന് നാളുകൾക്ക് മുമ്പ് ഈ സഭാഹാളിൽ എഴുതി വച്ചിരുന്നത് ഇതിന് ഉദാഹരണമായി അവർ പറയുന്നു. രക്ഷിക്കപ്പെടുന്നവരെ ക്രിസ്തുവിൽ ഏകശരീരസ്ഥരാക്കി തീർക്കുമ്പോൾ, ആരെ കാണിക്കാനാണ് 'സിറിയൻ' കുപ്പായമണിഞ്ഞത് എന്ന് ആളുകൾ ചോദിക്കുന്നു.

ചിലരുടെ ശുശ്രൂഷ നിർബന്ധമായി സഭയിൽ അടിച്ചേൽപ്പിക്കുവാൻ ശ്രമിച്ചതും ഈ പിളർപ്പിന് കാരണമായതായി പറയപ്പെടുന്നു. കുടുംബക്കാർ തമ്മിലുണ്ടായ പടലപിണക്കം നിമിത്തം ഇതിനിടയിൽ നട്ടം തിരിയുന്ന ചില സഹോദരങ്ങളും ഇവിടെയുണ്ട്. ജഡം സംബന്ധമായി ഒരു പിതാവിന്റെ കൊച്ചുമക്കളാണിവർ, പുതുജനനം വഴി ഏകപിതാവിന്റെ മക്കളും പിന്നെ എന്തുകൊണ്ട് ഈ പ്രശ്നം കോടതിയിൽ എത്തി. എന്തുകൊണ്ട് ഒരു മേശയ്ക്കു ചുറ്റും ഈ പ്രശ്നം തീർന്നില്ല. കോടതിക്ക് പുറത്തുവച്ചു തന്നെ ഈ പ്രശ്നം പരിഹരിച്ച് സഭാഹാൾ തുറന്ന് ആരും നഷ്ടപ്പെടാതെ; മലിനപ്പെടാതെ കർത്താവിനെ ആരാധിക്കുവാൻ ദൈവജനം കണ്ണുനീരോടെ പ്രാർത്ഥിച്ചാലും. പൂട്ടപ്പെട്ട് കിടക്കുന്ന മറ്റ് സഭാ ഹാളുകളുടെ വിവരം ദയവായി ഞങ്ങളെ അറിയിക്കുക. Mob: 9447126182

## സത്യനികേതൻ സ്പെഷ്യൽ സ്കൂളിൽ സ്പെഷ്യൽ പ്രോഗ്രാം



*ഞാൻ മുറിക്കാം: സത്യനികേതനിലെ കുട്ടികളോടൊപ്പം ബിഷപ്പ് ഗീവർഗീസ് മാർ തിമോത്തിയോസ് കേക്ക് മുറിക്കുന്നു ഡോ. സി.വി. വടവന സമീപം*

**തിരുവല്ല:** കവിയൂർ 'സത്യനികേതൻ' സ്പെഷ്യൽ സ്കൂളിൽ ക്രിസ്തുമസിനോടനുബന്ധിച്ച് കുട്ടികൾക്കായി സ്പെഷ്യൽ പ്രോഗ്രാം നടത്തി. ക്രിസ്തുമസിന്റെ യഥാർത്ഥ സന്ദേശം ഉൾക്കൊണ്ടുകൊണ്ട് മാനസിക വൈകല്യമുള്ളവരെ സമൂഹത്തിന്റെ ശ്രദ്ധയിൽപെടുത്താൻ സംഘടിപ്പിച്ച പരിപാടിയിൽ കുട്ടികളോടൊപ്പം നിരവധി സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ പങ്കുചേർന്നു. ബിഷപ്പ് ഗീവർഗീസ് മാർ തിമോത്തിയോസ് സത്യനികേതനിലെ കുട്ടികളോടൊപ്പം കേക്കു മുറിച്ചു. സത്യം ട്രസ്റ്റ് ചെയർമാൻ ഡോ. സി.വി. വടവന, ഇവാ. ഇ.എസ്. റെജി എന്നിവർ സന്നിഹിതരായിരുന്നു.

അന്നേ ദിവസം, സത്യനികേതൻ സ്പെഷ്യൽ സ്കൂൾ പ്രമോഷന്റെ ഭാഗമായി 150 അടി വിസ്തീർണ്ണമുള്ള വാൽനക്ഷത്രം മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സമർപ്പിച്ചു. തിരുവല്ലയിൽ മനക്കച്ചിറയിലുള്ള സത്യകൂടാരത്തിനു മുമ്പിലാണ് വാൽനക്ഷത്രം ക്രമീകരിച്ചിരിക്കുന്നത്.

കവിയൂരിൽ പ്രവർത്തിക്കുന്ന 'സത്യനികേതൻ' സ്പെഷ്യൽ സ്കൂളിൽ മാനസിക വൈകല്യവും അംഗവൈകല്യവുമുള്ള 50-ഓളം കുട്ടികൾ താമസിക്കുന്നു. ഈ കുട്ടികളെ ഓർത്തും, പ്രവർത്തനത്തെ ഓർത്തും പ്രാർത്ഥിക്കണമേ.

സത്യം മിനിസ്ട്രീസ്
ആത്മീയ ഗാനങ്ങൾ
1001 പാട്ടുകൾ
പുതിയ പതിപ്പ് പ്രസിദ്ധീകരിച്ചു

ഏറ്റവും പുതിയ മലയാളം പാട്ടുകൾ. കഠിനപദങ്ങളുടെ അർത്ഥം. പഴയതും പുതിയതുമായ പാട്ടുകൾ അടങ്ങിയത്.




സഭകൾക്ക് വില യിൽ പ്രത്യേക ഇളവ്.

വില 100/-രൂപ

Printed, Published and Owned by C.V. Vadavana, Sathyam Publications, Tiruvalla, Printed at Sathyam Press. Published at Sathyam Publications, Tiruvalla. Editor: C.V. Vadavana.